അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

AUG 2026

VOL 14 • ISSUE 12

THE SOUL WINNER • FULFILLING THE GREAT COMMISSION

## പെന്തക്കോസ്തുകാർക്ക് സാധിക്കുന്നത് സർക്കാരിന് കഴിയുന്നില്ല - സി. പി. ജോൺ



തിരുവനന്തപുരം • പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ പ്രവർത്തനങ്ങളെ പ്രശംസിച്ച് പൊതുഗതാഗത വകുപ്പ് മന്ത്രി സി. പി. ജോൺ നടത്തിയ പരാമർശങ്ങൾ ശ്രദ്ധേയമാകുന്നു. സർക്കാരിനും രാഷ്ട്രീയ പാർട്ടികൾക്കും പലപ്പോഴും സാധിക്കാത്ത കാര്യങ്ങൾ പെന്തക്കോസ്തുകാർക്ക് ചെയ്യാൻ കഴിയുന്നുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും അമ്മമാരും യുവജനങ്ങളും ഉൾപ്പെടെയുള്ളവർ പരസ്യമായി സുവിശേഷം പ്രസംഗിക്കുന്നതിനെ മന്ത്രി പ്രത്യേകം പ്രശംസിച്ചു. ആരെങ്കിലും കേൾക്കുന്നുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ തങ്ങളുടെ ഉത്തരവാദിത്തം ആത്മാർത്ഥതയോടെയും ലജ്ജയില്ലാതെയും നിർവഹിക്കുന്ന അവരുടെ മനോഭാവം ശ്രദ്ധേയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സുവിശേഷപ്രചാരണത്തിൽ മാത്രമല്ല, സാമൂഹിക പരിഷ്കരണ രംഗത്തും പെന്തക്കോസ്ത് സമൂഹം നൽകിയ സംഭാവനകൾ ശ്രദ്ധേയമാണെന്ന് സി. പി. ജോൺ പറഞ്ഞു. സമൂഹത്തിലെ സാധാരണ ജനങ്ങളുമായി നേരിട്ട് ഇടപഴകുകയും അവരുടെ ആവശ്യങ്ങളിൽ ഇടപെടുകയും ചെയ്യുന്ന പെന്തക്കോസ്ത് വിശ്വാസികളുടെ പ്രവർത്തനരീതിയാണ് അദ്ദേഹത്തിന്റെ പരാമർശങ്ങളിൽ പ്രധാനമായും ഉയർന്നുവരുന്നത്.

പെന്തക്കോസ്ത് സഭയ്ക്ക് എന്താണ് ഇത്ര പ്രത്യേകത? എന്ന തലക്കെട്ടിലുള്ള ഏകദേശം മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിലാണ് സി. പി. ജോൺ ഇക്കാര്യം വ്യക്തമാക്കുന്നത്. വീഡിയോ സമൂഹമാധ്യമങ്ങളിൽ ശ്രദ്ധ നേടുകയും പെന്തക്കോസ്ത് സഭകളുടെ ആത്മീയ പ്രവർത്തനങ്ങൾക്കും സാമൂഹിക ഇടപെടലുകൾക്കും പൊതുസമൂഹത്തിൽ ലഭിക്കുന്ന അംഗീകാരത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു.

പെന്തക്കോസ്ത് വിശ്വാസികളുടെ സുവിശേഷതാൽപര്യം, പൊതുസമൂഹത്തോടുള്ള ഇടപെടൽ, സാമൂഹിക സേവനം, സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവയാണ് മന്ത്രിയുടെ പരാമർശങ്ങളിലൂടെ ശ്രദ്ധയിൽപ്പെടുന്നത്. രാഷ്ട്രീയത്തിനും ഭരണ സംവിധാനങ്ങൾക്കും അപ്പുറം സമൂഹത്തിൽ നേരിട്ട് പ്രവർത്തിക്കുന്ന വിശ്വാസ സമൂഹങ്ങളുടെ പ്രാധാന്യവും ഈ പരാമർശങ്ങൾ ചർച്ചയാക്കുന്നു.

## 103-ാം വയസ്സിൽ ആദ്യ പുസ്തകം; ക്രിസ്തുവിന് സാക്ഷിയായി മാർജോറി



ഇംഗ്ലണ്ട് • 103-ാം വയസ്സിൽ തന്റെ ആദ്യ പുസ്തകം പ്രസിദ്ധീകരിച്ച് ശ്രദ്ധേയയായിരിക്കുകയാണ് ഇംഗ്ലണ്ടിലെ ഗ്ലോസ്റ്റർഷയറിലെ കോൾഫോർഡ് ബാപ്റ്റിസ്റ്റ് സഭാംഗമായ മാർജോറി മിച്ചൽ. ഠവീൗഴവെേ ീ ഘശളല എന്ന പേരിലുള്ള പുസ്തകം കോവിഡ് കാലഘട്ടത്തിലും അതിനുശേഷവുമായി അവർ എഴുതിയ 52 ഹ്രസ്വ ആത്മീയ ധ്യാനങ്ങളുടെ സമാഹാരമാണ്.

14-ാം വയസ്സിൽ ക്രിസ്തുവിനെ സ്വീകരിച്ച മാർജോറി, 100-ാം വയസ്സുവരെ സഭയിലെ പ്രസംഗ ശുശ്രൂഷയിൽ സജീവമായിരുന്നു. വർഷങ്ങളായി 500-ലധികം ആത്മീയ ധ്യാനങ്ങൾ എഴുതിയിട്ടുള്ള അവരുടെ രചനകളിൽ പലതും സഭയുടെ ആഴ്ചപ്പതിപ്പുകളിലും പോഡ്കാസ്റ്റുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുസ്തക പ്രകാശന വേളയിൽ, ജനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള സന്ദേശങ്ങൾ ദൈവം ഇന്നും തനിക്ക് നൽകുന്നുണ്ടെന്ന് മാർജോറി സാക്ഷ്യപ്പെടുത്തി. പ്രായം ദൈവസേവനത്തിന് തടസ്സമല്ലെന്നും ജീവിതത്തിന്റെ ഏത് ഘട്ടത്തിലും ദൈവം തന്റെ മക്കളെ ഉപയോഗിക്കുമെന്നും അവരുടെ ജീവിതം ഓർമിപ്പിക്കുന്നു. 103-ാം വയസ്സിലും എഴുത്തിലൂടെയും ആത്മീയ സാക്ഷ്യത്തിലൂടെയും ക്രിസ്തുവിനെ ഉയർത്തിക്കാട്ടുന്ന മാർജോറിയുടെ ജീവിതം പലർക്കും പ്രചോദനമാകുകയാണ്.

## ക്രൈസ്തവ കുടുംബങ്ങളിൽ പ്രാർത്ഥന ഇല്ലാതാകുന്നു മാർപാപ്പ

വത്തിക്കാൻ സിറ്റി • ക്രൈസ്തവ കുടുംബങ്ങളിൽ തലമുറകളിലൂടെ കൈമാറപ്പെട്ടിരുന്ന പ്രാർത്ഥനയുടെ പാരമ്പര്യം ക്രമേണ അപ്രത്യക്ഷമാകുകയാണെന്ന് മാർപാപ്പ ലിയോ പതിനാലാമൻ മുന്നറിയിപ്പ് നൽകി. പ്രാർത്ഥന മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ഘടകമാണെന്നും അത് വീണ്ടും യഥാർത്ഥ അർഥത്തിൽ കണ്ടെത്തേണ്ട സമയമാണെന്നും അദ്ദേഹം വിശ്വാസികളോട് ആഹ്വാനം ചെയ്തു.

പല ക്രൈസ്തവ കുടുംബങ്ങളിലും പ്രാർത്ഥനയുടെ പാരമ്പര്യം ഇനി കൈമാറപ്പെടുന്നില്ല. ചിലർ പ്രാർത്ഥനയെ വ്യക്തിപരമായ മാനസിക ആശ്വാസത്തിനുള്ള ഒരു സാങ്കേതിക വിദ്യയായി മാത്രം കാണുന്ന അപകടകരമായ പ്രവണതയുണ്ട്. എന്നാൽ പ്രാർത്ഥന അതിലുപരിയായി ദൈവവുമായി മനുഷ്യൻ നടത്തുന്ന ജീവനുള്ള ബന്ധമാണ്, എന്ന് മാർപാപ്പ പറഞ്ഞു.



കുടുംബങ്ങളിൽ മാതാപിതാക്കൾ മക്കൾക്ക് പ്രാർത്ഥനയുടെ മാതൃക കാട്ടുകയും ദൈവവുമായി വ്യക്തിപരമായ ബന്ധം വളർത്തിയെടുക്കാൻ സഹായിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ സഭയുടെ പ്രധാന ഉത്തരവാദിത്വങ്ങളിലൊന്നാണെന്നും ഓർമ്മിപ്പിച്ചു.

## സ്വന്തം ബോട്ടിൽ ദുരിതാശ്വാസവുമായി പാസ്റ്റർ സ്റ്റീഫൻ ബെഞ്ചമിൻ

പത്തനംതിട്ട • വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി സ്വന്തം ബോട്ടിൽ രക്ഷാപ്രവർത്തനവും സഹായസേവനവും നടത്തി ശ്രദ്ധേയനാകുകയാണ് കൊല്ലം സ്വദേശിയും കർത്തൃദാസനുമായ പാസ്റ്റർ സ്റ്റീഫൻ ബെഞ്ചമിൻ. കടൽമേഖലകളിൽ ബോട്ടിലൂടെ സഞ്ചരിച്ച് സുവിശേഷ പ്രവർത്തനം നടത്തുന്ന അദ്ദേഹം, പത്തനംതിട്ടയിലും ചെങ്ങന്നൂരിലും ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതബാധിതരെ സഹായിക്കാൻ ഉടൻ എത്തുകയായിരുന്നു.

സ്വന്തം ബോട്ടുപയോഗിച്ച് ആളുകളെ സുരക്ഷിത സ്ഥലങ്ങളിലെത്തിക്കാനും ആവശ്യമായ സഹായങ്ങൾ എത്തിക്കാനുമാണ് അദ്ദേഹം നേതൃത്വം നൽകിയത്. യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെയുള്ള അദ്ദേഹത്തിന്റെ നിസ്വാർഥ സേവനം പ്രദേശവാസികളുടെയും സാമൂഹിക പ്രവർത്തകരുടെയും അഭിനന്ദനം നേടിയിട്ടുണ്ട്.




ദുരിതകാലത്ത് മനുഷ്യസ്നേഹത്തിന്റെയും ക്രൈസ്തവസേവനത്തിന്റെയും മാതൃകയായി പാസ്റ്റർ സ്റ്റീഫൻ ബെഞ്ചമിന്റെ പ്രവർത്തനങ്ങൾ മാറുകയാണെന്ന് പ്രദേശവാസികൾ അഭിപ്രായപ്പെട്ടു.

## എഐ മീഡിയ മിഷനറിമാരാകൂ- ദക്ഷിണ കൊറിയൻ നേതാവിന്റെ ആഹ്വാനം

സോൾ •കൃത്രിമ ബുദ്ധി (AI) അതിവേഗം ലോകത്തെ സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ, ക്രൈസ്തവർ എഐ സാങ്കേതികവിദ്യയെ സുവിശേഷപ്രഘോഷണത്തിനായി പ്രയോജനപ്പെടുത്തുന്ന എഐ മീഡിയ മിഷനറിമാരായി മാറണമെന്ന് ദക്ഷിണ കൊറിയയിലെ പ്രമുഖ സഭാനേതാവ് ആഹ്വാനം ചെയ്തു.

സഭയുടെ ശുശ്രൂഷകൾ ദേവാലയ കെട്ടിടങ്ങൾക്കുള്ളിൽ മാത്രം ഒതുങ്ങരുതെന്നും, ഡിജിറ്റൽ മാധ്യമങ്ങളും എഐ പ്ലാറ്റ്ഫോമുകളും ഉപയോഗിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക് ക്രിസ്തുവിന്റെ സ്നേഹവും സുവിശേഷ സന്ദേശവും എത്തിക്കേണ്ടത് ഇന്നത്തെ സഭയുടെ പ്രധാന ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

യുവതലമുറയുടെ ജീവിതത്തിൽ സാമൂഹ്യമാധ്യമങ്ങളും എഐ അധിഷ്ഠിത സാങ്കേതികവിദ്യകളും വലിയ സ്വാധീനം ചെലുത്തുന്ന സാഹചര്യത്തിൽ, ക്രൈസ്തവർ ഈ ഉപകരണങ്ങളെ വിവേകപൂർവവും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വീഡിയോ, പോഡ്കാസ്റ്റ്, ഡിജിറ്റൽ ഉള്ളടക്കം, എഐ സഹായത്തോടെയുള്ള സുവിശേഷ വിഭവങ്ങൾ എന്നിവയിലൂടെ കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സാങ്കേതികവിദ്യയെ ഭയപ്പെടുന്നതിനു പകരം ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി അതിനെ ഫലപ്രദമായി ഉപയോഗിക്കണമെന്നും, സത്യസന്ധവും ബൈബിൾ അടിസ്ഥാനമാക്കിയുള്ള ഉള്ളടക്കങ്ങൾ സൃഷ്ടിച്ച് സമൂഹത്തിന് പ്രത്യാശയും സത്യവും പകരാൻ വിശ്വാസികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. എഐ മനുഷ്യരെ പകരം വയ്ക്കാനുള്ള ഉപകരണമല്ലെന്നും, സുവിശേഷ ദൗത്യത്തെ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കുന്ന ഒരു മാധ്യമമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഡിജിറ്റൽ യുഗത്തിൽ ഓരോ ക്രൈസ്തവനും ഒരു മീഡിയ മിഷനറി ആകേണ്ട സമയമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ക്രൈസ്തവ-കൺഫ്യൂഷ്യൻ സംവാദത്തിന് ആദ്യ അന്താരാഷ്ട്ര കൊളോക്വിയം സിയോളിൽ

ദക്ഷിണ കൊറിയ • ക്രൈസ്തവ വിശ്വാസവും കൺഫ്യൂഷ്യൻ ചിന്താപാരമ്പര്യവും തമ്മിലുള്ള ആശയവിനിമയവും പരസ്പര ധാരണയും പ്രോത്സാഹിപ്പിക്കുന്നതിനായി ആദ്യ ക്രൈസ്തവകൺഫ്യൂഷ്യൻ കൊളോക്വിയം ദക്ഷിണ കൊറിയയുടെ തലസ്ഥാനമായ സിയോളിൽ സംഘടിപ്പിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ദൈവശാസ്ത്രജ്ഞർ, സഭാനേതാക്കൾ, ഗവേഷകർ, കൺഫ്യൂഷ്യൻ പണ്ഡിതർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. ക്രൈസ്തവ വിശ്വാസവും കിഴക്കൻ ഏഷ്യൻ ദാർശനിക പാരമ്പര്യവും തമ്മിലുള്ള ബന്ധം, മതങ്ങൾ തമ്മിലുള്ള സംവാദം, സമാധാനനിർമാണം, സാമൂഹിക ഉത്തരവാദിത്തം, വിദ്യാഭ്യാസം, കുടുംബമൂല്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടും.

വ്യത്യസ്ത വിശ്വാസ-ദാർശനിക പാരമ്പര്യങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സഹകരണവും വളർത്തുന്നതിനൊപ്പം, സമകാലിക സമൂഹം നേരിടുന്ന ധാർമ്മികവും സാമൂഹികവുമായ വെല്ലുവിളികൾക്ക് സംയുക്തമായി പ്രതികരിക്കാനുള്ള സാധ്യതകളും സമ്മേളനം പരിശോധിക്കും. ക്രൈസ്തവ സഭകൾക്കും അക്കാദമിക് സമൂഹത്തിനും കിഴക്കൻ ഏഷ്യൻ സാംസ്കാരിക പശ്ചാത്തലത്തിൽ പുതിയ സംവാദങ്ങൾക്ക് ഈ കൊളോക്വിയം വഴിയൊരുക്കുമെന്നാണ് പ്രതീക്ഷ.



# WHEN GOD SEEMS SILENT

*"How long, LORD, must I call for help, but you do not listen? Or cry out to you, 'Violence!' but you do not save? Why do you make me look at injustice? Why do you tolerate wrongdoing? Destruction and violence are before me; there is strife, and conflict abounds. Therefore, the law is paralyzed, and justice never prevails. The wicked hem in the righteous, so that justice is perverted." (Habakkuk 1:1-4).*



A WORD FROM
THE PRESIDENT
**BRO. DANIEL EASO**

> **GOD WANTS TO DO AMAZING THINGS THROUGH YOU, BUT HE WANTS TO MAKE SURE THAT WHAT HE WANTS TO DO THROUGH YOU IS FIRST ESTABLISHED IN YOU.**

I want to talk about a season or zone of life that many of you are going through but perhaps don't know how to describe. Habakkuk is in this season of life. The term for it is the agony of divine delay. This is the time in our lives when we feel like a stoplight is here. God does this to us so we feel just as Habakkuk did, doing what God has called us to do yet seeing no results, as was Habakkuk's case. He is a prophet, but what he was prophesying is not coming true. He had prophesied about the judgment of God on people, but the judgment wasn't falling on them. The people who were supposed to suffer according to his prophecy were flourishing and doing well. Justice was a joke, it seemed, and anarchy, war, unrest, and lawlessness were breaking out everywhere, contrary to his prophecy that it would change. It was not changing. This season of his life lasted for years.

He is trying to describe a zone of life. Many of us are in this zone today. This is the zone between the tragedies, difficulties, and problems that occur in our lives and the time when God shows up. This is the gap we call divine delay. It's a divine delay; it's not that God doesn't know you are in trouble and need help now. It's a season of life when we feel God seems deaf or blind, uncaring and uncompassionate about what we are going through down here in our world, and we wonder where God went and where He is. There are millions of people everywhere in this world who are going through this zone of life, hoping God comes through, but not seeing any divine intervention; it feels like that red light putting your life on hold.

In the life of Joseph, we can see this zone of divine delay: the time between his seeing a dream from God and telling his brothers about it, and the period from that moment until he became prime minister of Egypt. He went through a terrible season when he felt God didn't intervene, didn't show up, and didn't deliver him. He was so concerned that his time was not ending that, at one point, he tried to tell the cupbearer of the king, "remember me," because the cupbearer was getting an early release from jail. He said, "when you get back to the presence of Pharaoh, mention my name, I shouldn't be here." We can see that he was trying to take it into his own hands because what else can you do when you don't feel that God sees you or God is coming through for you?

This is true for many of you who are going through this season of your lives. The divine delay zone, the place where you are waiting for God to show up for a breakthrough, is where the greatest miracle in life happens within us. This is also the greatest time of fear, instability, disorientation, and frustration, and it's when guilt and shame function most. This is the zone of life when many people can't take it anymore and quit; they quit worshipping God because they don't feel like worshiping Him; they feel that God is not listening or caring for them anymore. When we read Joseph's story, we only want to see his happy ending, but we forget or completely disregard the long, hard period between him seeing the dream and becoming prime minister. We love reading the beginning and the end of the story, but we don't like the middle. Don't forget that there were 40 years of suffering for Moses; we also see that Job's story had a happy ending, but don't forget his sufferings. So many times, people like Job quit in the middle because of their friends. His friends tried to explain to him for days and days that he was going through all this: "it's because of something you forgot," "someone you were unkind to," "someone who was poor and you didn't help," and they all came up with theories.

Today, in our churches and in Christianity, we need champions from this zone. We need heroes from the middle to stand up and say, "I don't know what the outcome is," as Job said, "Though He slays me, yet will I hope in him; I will surely defend my ways to his face." (Job 13:15). The greatest miracle in your life takes place in this zone. The miracles through you can never be bigger than the miracles in you. God wants to do amazing things through you, but He wants to make sure that what He wants to do through you is first established in you. This type of miracle only happens in the delay zone, in the middle zone. The problem with the middle zone is that we don't know how large it is. You can only calculate the middle. Are you at the beginning of this middle? Or are you in the middle of this middle? We are now thrust into this middle. The problem with the middle zone is that we don't know where we are. Is this going to last a day, a week, a month, or a year? We don't know. If it's a divine delay, then it's intentional because nothing can delay God. It was intentional for God to do that to Joseph, to do that to Habakkuk, to do that to Job. It was very hard for them and for many of us to love, worship, and serve a God who is intentionally not showing up for us. The only thing we know is that God's timing is perfect.

We need to build churches and Christianity that are so strong, so stable, and so durable that they can stand all of Habakkuk's complaints; they can stand Job's frustrations; they can stand Joseph's aloneness when he cries himself to sleep in his cell at night, still no divine intervention. You can be so frustrated with a divinity that seems absent. We need to build churches and Christianity that can stomach and deal with the people who are going through these hard times and delay zones. Because we want to have champions from the middle, we want heroes who can stand up and say, "I am going through something right now. I don't know the answer. The outcome was not the one I hoped for. Here is what I learned, here is what I figured out. I saw something when I was down there, something happening inside me. I don't know what to call it. Now I am a better human being, a better human. I understand more than ever what it means to be compassionate and loving; my empathy level is off the charts because I decided not to fast-track through it and pretend it wasn't happening." Our faith must be real enough; our God must be real enough to anyone in this world today.

We need to build churches and Christianity today where you can say to your friends and family who are going through stuff, 'come as you are'. They may say, 'I don't know if I can be around the church, I don't know if I can be there, singing and showing happiness.' You can say, 'You don't know our church or our Christianity. You need to come as you are. We have hundreds of people in that zone of life, and they are finding comfort and strength in church, with people on their side.' Let's let Joseph speak in his middle zone; let's let Job speak in his middle zone because that's where most of us are taken out.

If you are in the middle of your divine delay, be strong and stable. The best days are still to come, so be bold and stand firm in your middle. There is no shame, no guilt in your middle. Do not give in to shame and guilt. God is with you. God is more than able, more than large and stable in heart, to accept, love, grow, and build you as you are today. Don't forget that God is raising champions and heroes from this divine delay zone.

# നാളെയിൽ പ്രത്യാശ വയ്ക്കരുത്





പീരുമേട് ക്ലീറ്റസ്

നാളെ എന്തുണ്ടാകും എന്നു നിങ്ങൾ അറിയുന്നില്ലല്ലോ (യാക്കോബ് 4:14). നമ്മുടെ ദൈനംദിന സംഭാഷണങ്ങളിൽ ഭാവിയെക്കുറിച്ചുള്ള ചിന്തകൾക്ക് വലിയ സ്ഥാനമുണ്ട്. അടുത്ത അഞ്ചു വർഷത്തേക്കുള്ള നിങ്ങളുടെ പദ്ധതി എന്താണ്? വിരമിച്ച ശേഷം എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്? അടുത്ത വേനലവധിയിൽ എവിടേക്കാണ് പോകുന്നത്? കുറച്ചു വർഷങ്ങൾ കഴിഞ്ഞാൽ എല്ലാം ശരിയാകും എന്നിങ്ങനെ നാം നിരന്തരം സംസാരിക്കുന്നു. ഭാവിയെക്കുറിച്ച് ചിന്തിക്കുന്നതും അതിനായി പദ്ധതികൾ തയ്യാറാക്കുന്നതും തെറ്റല്ല. കുടുംബം, ജോലി, വിദ്യാഭ്യാസം, സാമ്പത്തിക കാര്യങ്ങൾ, ശുശ്രൂഷ തുടങ്ങിയ മേഖലകളിലെല്ലാം ആസൂത്രണം ആവശ്യമാണ്. എന്നാൽ ഒരു ക്രൈസ്തവൻ സ്വയം ചോദിക്കേണ്ട ഒരു പ്രധാന ചോദ്യമുണ്ട്: എന്റെ പ്രത്യാശ എവിടെയാണ്? ദൈവത്തിലാണോ, അതോ ഞാൻ ഇതുവരെ എത്താത്ത ഒരു നാളെയിലാണോ? ഇന്നത്തെ അസന്തോഷത്തിന് പരിഹാരം നാളെയാണെന്ന് നാം പലപ്പോഴും കരുതുന്നു. ഇത് കഴിഞ്ഞാൽ ഞാൻ സന്തോഷിക്കും, അടുത്ത വർഷം കാര്യങ്ങൾ മെച്ചപ്പെടും, കുട്ടികൾ വളർന്നാൽ കുറച്ചുകൂടി സമാധാനം ലഭിക്കും, സാമ്പത്തികമായി സുരക്ഷിതനായാൽ മനസ്സമാധാനം ലഭിക്കും എന്നിങ്ങനെ നാം ചിന്തിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ, നമുക്ക് ലഭിച്ചിരിക്കുന്ന ഇന്നത്തെ ജീവിതത്തെ മറികടന്ന് വരാനിരിക്കുന്ന ഒരു നാളെയിലേക്ക് നാം നിരന്തരം ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ തിരുവെഴുത്ത് നമ്മെ മറ്റൊരു ജീവിതത്തിലേക്ക് വിളിക്കുന്നുഇന്നിന്റെ കൃപയിൽ ജീവിക്കുകയും നിത്യതയുടെ പ്രത്യാശയിൽ മുന്നേറുകയും ചെയ്യുന്ന ജീവിതത്തിലേക്ക്.

യാക്കോബ് 4:1316-ൽ ഭാവിയെക്കുറിച്ച് ഉറപ്പോടെ സംസാരിക്കുന്ന മനുഷ്യനെ യാക്കോബ് ശക്തമായി ചോദ്യം ചെയ്യുന്നു. ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിലേക്കു പോയി അവിടെ ഒരു വർഷം താമസിച്ച് വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരോട്, നാളെ എന്തുണ്ടാകും എന്നു നിങ്ങൾ അറിയുന്നില്ലല്ലോ എന്ന് അവൻ പറയുന്നു. ഇവിടെ പ്രശ്നം ആസൂത്രണം ചെയ്തതിലല്ല; തന്റെ ഭാവി പൂർണ്ണമായും തന്റെ നിയന്ത്രണത്തിലാണെന്ന മനുഷ്യന്റെ ധാരണയിലാണ്. ഒരു പട്ടണത്തിലേക്ക് പോകുന്നതും വ്യാപാരം ചെയ്യുന്നതും ലാഭം നേടുന്നതും തെറ്റല്ല. എന്നാൽ അതിനിടയിൽ ദൈവത്തിന്റെ ഇഷ്ടത്തിന് ഇടമില്ലെങ്കിൽ, ആ പദ്ധതി ആത്മീയമായി അപകടകരമാകുന്നു. അതുകൊണ്ടാണ് യാക്കോബ് പറയുന്നത്: കർത്താവു ഇച്ഛിക്കുന്നുവെങ്കിൽ, ഞങ്ങൾ ജീവിച്ചിരിക്കുകയും ഇതും അതും ചെയ്യുകയും ചെയ്യും. ഇത് വെറും ഒരു ഔപചാരിക വാക്കല്ല; ജീവിതത്തിന്റെ ഉടമ ദൈവമാണെന്ന വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. നമുക്ക് നാളെയെക്കുറിച്ച് പദ്ധതികൾ തയ്യാറാക്കാം, എന്നാൽ നാളെ നമ്മുടെ കൈകളിലല്ല. നമ്മുടെ ജീവിതത്തിന്റെ അടുത്ത നിമിഷം പോലും ദൈവത്തിന്റെ കൃപയാലാണ് ലഭിക്കുന്നത്.

നാം പലപ്പോഴും ഇന്നിനെ ഒരു പാലം പോലെ കാണുന്നു. നാളെയിലെത്താനുള്ള വഴിയിലെ ഒരു ഇടത്താവളമായി ഇന്നിനെ മാത്രം കാണുന്നു. ഇന്ന് ജോലി ചെയ്യുക, നാളെ വിശ്രമിക്കാം; ഇന്ന് സഹിക്കുക, നാളെ സന്തോഷിക്കാം; ഇന്ന് സമ്പാദിക്കുക, നാളെ ആസ്വദിക്കാം; ഇന്ന് ഓടിക്കൊണ്ടിരിക്കുക, നാളെ ജീവിക്കാംഇതാണ് പലരുടെയും ജീവിതരീതി. എന്നാൽ ജീവിതത്തിലെ വലിയൊരു തെറ്റ് ഇതാണ്: നാം ജീവിക്കേണ്ട ഇന്നിനെ നാളെയിലേക്കുള്ള തയ്യാറെടുപ്പായി മാത്രം കാണുന്നു. സങ്കീർത്തനം 118:24 പറയുന്നു: ഇത് യഹോവ ഉണ്ടാക്കിയ ദിവസം; നാം ഇതിൽ സന്തോഷിച്ചു ആനന്ദിക്ക. ശ്രദ്ധിക്കുക ഇത് എന്ന ദിവസം. ഇന്നാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്. ഇന്നത്തെ ശ്വാസം, ഇന്നത്തെ ആരോഗ്യം, ഇന്നത്തെ കുടുംബം, ഇന്നത്തെ സൗഹൃദം, ഇന്നത്തെ അവസരം, ഇന്നത്തെ ദൈവവചനം, ഇന്നത്തെ പ്രാർത്ഥന, ഇന്നത്തെ ശുശ്രൂഷഇവയെല്ലാം ദൈവത്തിന്റെ സമ്മാനങ്ങളാണ്. നാളെ ഇതെല്ലാം നമുക്ക് ലഭിക്കുമെന്ന് ഉറപ്പില്ല. അതുകൊണ്ട് ഇന്നിനെ ചെറുതായി കാണരുത്. ഇന്ന് ദൈവം നമുക്ക് നൽകിയ ഒരു വിശുദ്ധ അവസരമാണ്.

മത്തായി 6:34-ൽ യേശു പറയുന്നു: നാളെയെക്കുറിച്ചു ചിന്തിക്കേണ്ടാ; നാളത്തെ ദിവസം തനിക്കുള്ളതു ചിന്തിച്ചുകൊള്ളും. യേശു ഭാവിക്കായി പദ്ധതികൾ തയ്യാറാക്കരുത് എന്ന് പഠിപ്പിക്കുന്നില്ല. അവൻ നമ്മെ ഉത്കണ്ഠയിൽനിന്ന് മോചിപ്പിക്കുകയാണ്. പദ്ധതി തയ്യാറാക്കുന്നതും ഉത്കണ്ഠപ്പെടുന്നതും ഒരുപോലെയല്ല. ഒരു കർഷകൻ വിത്ത് വിതയ്ക്കുന്നു; അത് ആസൂത്രണമാണ്. എന്നാൽ വിത്ത് മുളയ്ക്കുമോ, മഴ എപ്പോൾ വരും, വിളവ് എത്രയാകും എന്നൊക്കെ ചിന്തിച്ച് രാത്രിയൊന്നും ഉറങ്ങാതെ കിടക്കുന്നത് ഉത്കണ്ഠയാണ്. ഒരു മാതാപിതാവ് മക്കളുടെ ഭാവിക്കായി കരുതുന്നത് ഉത്തരവാദിത്വമാണ്. എന്നാൽ അവരുടെ ഭാവിയിൽ എന്ത് സംഭവിക്കുമെന്ന ഭയത്തിൽ ഇന്നത്തെ മക്കളെ സ്നേഹിക്കാനും അവരുടെ കൂടെ സമയം ചെലവഴിക്കാനും കഴിയാതെ പോകുന്നത് ഉത്കണ്ഠയാണ്. ഒരു സഭാനേതാവ് ശുശ്രൂഷയുടെ ഭാവിക്കായി പദ്ധതിയിടുന്നത് നല്ലതാണ്. എന്നാൽ എല്ലാം തന്റെ നിയന്ത്രണത്തിലായിരിക്കണം എന്ന ചിന്തയിൽ ദൈവത്തെ മറക്കുന്നത് ആത്മീയ അപകടമാണ്. അതുകൊണ്ട് പദ്ധതികൾ തയ്യാറാക്കാം; എന്നാൽ അവയെ ദൈവത്തിന്റെ കൈകളിൽ ഏൽപ്പിക്കണം. പ്രവർത്തിക്കാം; എന്നാൽ ഫലം ദൈവത്തിന് വിട്ടുകൊടുക്കണം.

ലൂക്കോസ് 12-ൽ യേശു പറയുന്ന സമ്പന്നനായ മനുഷ്യന്റെ ഉപമ ഈ സത്യം വളരെ ശക്തമായി വ്യക്തമാക്കുന്നു. അവന്റെ വയലിൽ സമൃദ്ധമായ വിളവുണ്ടായി. അവൻ ചിന്തിച്ചു: ഞാൻ എന്തു ചെയ്യും? എന്റെ വിളവ് സൂക്ഷിക്കാൻ സ്ഥലമില്ല. പിന്നെ അവൻ വലിയ കളപ്പുരകൾ പണിയാൻ തീരുമാനിച്ചു. തന്റെ സമ്പത്ത് സുരക്ഷിതമാക്കാനുള്ള പദ്ധതിയൊരുക്കി. തുടർന്ന് തന്റെ ആത്മാവിനോട്, നിനക്കു പല വർഷത്തേക്കും മതിയാകുന്ന സമ്പത്തുണ്ട്; വിശ്രമിക്കൂ, തിന്നുക, കുടിക്കുക, സന്തോഷിക്കൂ എന്നു പറഞ്ഞു. എന്നാൽ ദൈവം അവനോട് പറഞ്ഞു: ഭോഷാ! ഈ രാത്രിയിൽ തന്നേ നിന്റെ ജീവൻ നിന്നിൽനിന്ന് ആവശ്യപ്പെടും. അവൻ നാളെയ്ക്കായി എല്ലാം ഒരുക്കിയിരുന്നു; പക്ഷേ നാളെ അവന്റെ കൈവശമുണ്ടായിരുന്നില്ല. അവൻ തന്റെ ഭാവിയെ സുരക്ഷിതമാക്കാൻ ശ്രമിച്ചു; എന്നാൽ തന്റെ ആത്മാവിന്റെ നിത്യതയെക്കുറിച്ച് ചിന്തിച്ചില്ല. അവന്റെ കളപ്പുരകൾ നിറഞ്ഞിരുന്നു; എന്നാൽ അവന്റെ ആത്മാവ് ശൂന്യമായിരുന്നു. ഈ ഉപമയിലൂടെ യേശു ആസൂത്രണത്തെ അപലപിക്കുന്നില്ല; ദൈവത്തെ മറന്ന് ഭാവിയിൽ സുരക്ഷ കണ്ടെത്താനുള്ള മനുഷ്യന്റെ ശ്രമത്തെയാണ് ചോദ്യം ചെയ്യുന്നത്. നമ്മുടെ ജീവിതത്തിന്റെ ഏറ്റവും വലിയ നിക്ഷേപം എവിടെയാണ് എന്നതാണ് യേശു നമ്മോട് ചോദിക്കുന്നത്.

മാർട്ടിൻ ലൂഥറിന്റെ പ്രസിദ്ധമായ ഒരു വാക്കുണ്ട്: എന്റെ കലണ്ടറിൽ രണ്ടു ദിവസങ്ങൾ മാത്രമേയുള്ളൂഈ ദിവസവും ആ ദിവസവും. ഈ ദിവസം എന്നത് ദൈവം നമുക്ക് നൽകിയിരിക്കുന്ന ഇന്നത്തെ ജീവിതമാണ്. ആ ദിവസം എന്നത് ക്രിസ്തുവിന്റെ വരവും നിത്യതയിലെ മഹത്വവുമാണ്. ഈ രണ്ടു യാഥാർഥ്യങ്ങൾക്കിടയിലാണ് ക്രൈസ്തവ ജീവിതം ജീവിക്കേണ്ടത്. ഇന്ന് നമുക്ക് ജോലി ചെയ്യാം, കുടുംബത്തെ സ്നേഹിക്കാം, സഭയെ സേവിക്കാം, ദരിദ്രരെ സഹായിക്കാം, ക്ഷമിക്കാം, സുവിശേഷം പങ്കുവയ്ക്കാം, പ്രാർത്ഥിക്കാം, ദൈവത്തെ ആരാധിക്കാം. എന്നാൽ നമ്മുടെ കണ്ണുകൾ ആ ദിവസത്തിലേക്ക് ഉയർത്തിയിരിക്കണം. പത്രോസ് പറയുന്നു: യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ നിങ്ങൾക്കു ലഭിക്കാനിരിക്കുന്ന കൃപയിൽ പൂർണ്ണ പ്രത്യാശ വെക്കുവിൻ (1 പത്രോസ് 1:13). ഇതാണ് ക്രൈസ്തവന്റെ യഥാർത്ഥ പ്രത്യാശ. നാളത്തെ ശമ്പളത്തിലോ വിജയത്തിലോ പ്രശസ്തിയിലോ സൗകര്യത്തിലോ അല്ല നമ്മുടെ അന്തിമ പ്രത്യാശ. നമ്മുടെ പ്രത്യാശ ക്രിസ്തുവിന്റെ വരവിലും ദൈവസന്നിധിയിലെ നിത്യതയിലുമാണ്.

ഭാവിയെക്കുറിച്ച് അമിതമായി ചിന്തിക്കുന്ന മനുഷ്യന് പലപ്പോഴും ഇന്നത്തെ അനുഗ്രഹങ്ങൾ കാണാൻ കഴിയില്ല. നമുക്ക് ലഭിച്ചിരിക്കുന്നതിന്റെ മൂല്യം പലപ്പോഴും അത് നഷ്ടപ്പെട്ടതിനുശേഷമാണ് മനസ്സിലാകുന്നത്. കുട്ടികൾ ചെറുപ്പമായിരിക്കുമ്പോൾ അവരുടെ ശബ്ദം ചിലപ്പോൾ ബുദ്ധിമുട്ടായി തോന്നാം; എന്നാൽ അവർ വളർന്ന് വീട്ടിൽ അവരുടെ ശബ്ദം കുറയുമ്പോൾ ആ ശബ്ദത്തിന്റെ വില മനസ്സിലാകും. ആരോഗ്യവാനായിരിക്കുമ്പോൾ ആരോഗ്യത്തിന്റെ അനുഗ്രഹം നാം മറക്കും; രോഗം വന്നപ്പോൾ അതിന്റെ മഹത്വം മനസ്സിലാകും. കുടുംബം കൂടെയുണ്ടായിരിക്കുമ്പോൾ അതിന്റെ വില തിരിച്ചറിയാതെ പോകാം; വേർപാട് വന്നപ്പോൾ അതിന്റെ വില മനസ്സിലാകും. അതുകൊണ്ട് ഇന്നത്തെ അനുഗ്രഹങ്ങൾ ഇന്ന് തന്നെ ആസ്വദിക്കാൻ പഠിക്കണം. നന്ദിയുള്ള ഹൃദയം ഒരു ആത്മീയ ശീലമാണ്. ദിവസത്തിന്റെ അവസാനം, ഇന്ന് ദൈവം എനിക്ക് എന്തെല്ലാം തന്നു? എന്ന് സ്വയം ചോദിക്കുക. ഒരു ചെറിയ അനുഗ്രഹമാകാം, ഒരു പ്രാർത്ഥനയുടെ മറുപടിയാകാം, ഒരു കുടുംബസംഗമമാകാം, ദൈവവചനത്തിലെ ഒരു വാക്യമാകാം. അവയെ എണ്ണുക. നന്ദി പറയുന്ന ഹൃദയം നമ്മെ വർത്തമാനത്തിലേക്ക് തിരികെ കൊണ്ടുവരുന്നു.

മനുഷ്യന്റെ മറ്റൊരു വലിയ പ്രശ്നം ശ്രദ്ധയുടെ ചിതറലാണ്. നാം ഒരിടത്തുണ്ടെങ്കിലും നമ്മുടെ മനസ്സ് മറ്റൊരിടത്താണ്. കുടുംബത്തോടൊപ്പം ഇരിക്കുമ്പോൾ ഫോണിൽ, പ്രാർത്ഥിക്കുമ്പോൾ സന്ദേശങ്ങളിൽ, ഭക്ഷണം കഴിക്കുമ്പോൾ വാർത്തകളിൽ, സുഹൃത്തുക്കളോടൊപ്പം ഇരിക്കുമ്പോൾ സാമൂഹിക മാധ്യമങ്ങളിൽഇങ്ങനെ നമ്മുടെ കണ്ണുകൾ സ്ക്രീനിലായിരിക്കുമ്പോൾ ജീവിതം നമ്മുടെ മുന്നിലൂടെ കടന്നുപോകുന്നു. ചില സമയങ്ങളിൽ ഫോൺ മാറ്റിവയ്ക്കേണ്ടതുണ്ട്. കുട്ടിയുടെ മുഖത്തേക്ക് നോക്കണം. ഭാര്യയുടെയോ ഭർത്താവിന്റെയോ വാക്കുകൾ ശ്രദ്ധിച്ച് കേൾക്കണം. ഒരു സുഹൃത്തിനൊപ്പം ഹൃദയം തുറന്ന് സംസാരിക്കണം. പ്രകൃതിയുടെ സൗന്ദര്യം കാണണം. നിശ്ശബ്ദമായി ഇരിക്കണം. ദൈവത്തോട് സംസാരിക്കണം. കാരണം ചില നിമിഷങ്ങൾ ഒരിക്കൽ മാത്രമേ നമ്മുടെ ജീവിതത്തിലേക്ക് വരികയുള്ളൂ. അവ വീണ്ടും തിരികെ വരണമെന്നില്ല.

പദ്ധതികൾ ജീവിതത്തിൽ ആവശ്യമാണ്. പദ്ധതിയില്ലാത്ത ജീവിതം പലപ്പോഴും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കും. കുടുംബത്തിന് പദ്ധതികൾ വേണം, സഭയ്ക്ക് പദ്ധതികൾ വേണം, ശുശ്രൂഷയ്ക്ക് പദ്ധതികൾ വേണം, വിദ്യാഭ്യാസത്തിനും സാമ്പത്തിക കാര്യങ്ങൾക്കും പദ്ധതികൾ വേണം. എന്നാൽ പ്രശ്നം പലപ്പോഴും പദ്ധതിയിലല്ല; പദ്ധതിയെക്കുറിച്ചുള്ള നിരന്തരമായ ചിന്തയിലാണ്. കുടുംബത്തോടൊപ്പം മനോഹരമായ ഒരു സായാഹ്നം ചെലവഴിക്കുമ്പോഴും മനസ്സ് അടുത്ത ആഴ്ചയിലെ കാര്യങ്ങളിൽ ആയിരിക്കാം. ഒരു യാത്രയിൽ ആയിരിക്കുമ്പോഴും അടുത്ത യാത്രയുടെ ചിന്തയിൽ ആയിരിക്കാം. ഒരു നല്ല സംഭാഷണത്തിനിടയിലും ചെയ്യാനുള്ള ജോലികളുടെ പട്ടിക മനസ്സിൽ ഓടിക്കൊണ്ടിരിക്കാം. അങ്ങനെ നാം ഇന്നത്തെ ജീവിതത്തെ നാളെയുടെ ചിന്തകൾ കൊണ്ട് നിറയ്ക്കുന്നു. അതുകൊണ്ട് പദ്ധതികൾക്കായി ഒരു സമയം മാറ്റിവയ്ക്കുന്നത് നല്ലതാണ്. ആ സമയത്ത് ആവശ്യമായ കാര്യങ്ങൾ ആസൂത്രണം ചെയ്യുക. പിന്നീട് ആ പദ്ധതികളെ ദൈവത്തിന്റെ കൈകളിൽ ഏൽപ്പിച്ച് ഇന്നത്തെ ജീവിതത്തിലേക്ക് മടങ്ങിവരുക. പദ്ധതിക്ക് സമയം നൽകുക; എന്നാൽ ജീവിതത്തെ പദ്ധതിക്ക് അടിമയാക്കരുത്.

നാളെ എന്ത് സംഭവിക്കും എന്ന ഭയം മനുഷ്യഹൃദയത്തിന്റെ സ്വാഭാവികമായ ഒരു പോരാട്ടമാണ്. രോഗം വന്നാൽ എന്താകും, സാമ്പത്തിക പ്രശ്നം വന്നാൽ എങ്ങനെ മുന്നോട്ടുപോകും, മക്കളുടെ ഭാവി എങ്ങനെയാകും, ശുശ്രൂഷയുടെ ഭാവി എന്താകും, വൃദ്ധാവസ്ഥ എങ്ങനെയായിരിക്കും എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ നമ്മെ അലട്ടാം. എന്നാൽ ഈ ചോദ്യങ്ങൾക്കിടയിൽ ഒരു വലിയ ചോദ്യം ചോദിക്കാം: ഇതെല്ലാം സംഭവിച്ചാലും ദൈവം എന്നോടുകൂടെ ഉണ്ടാകുമോ? ഉത്തരം അതെ എന്നതാണ്. അതാണ് വിശ്വാസത്തിന്റെ ശക്തി. നമ്മുടെ പ്രത്യാശ സാഹചര്യങ്ങളിൽ അല്ല; ദൈവത്തിലാണ്. നമ്മുടെ സുരക്ഷ നാളെയിൽ അല്ല; ദൈവത്തിലാണ്. നമ്മുടെ സമാധാനം എല്ലാം നിയന്ത്രിക്കാനുള്ള കഴിവിൽ അല്ല; ദൈവത്തിന്റെ പരിപാലനത്തിലാണ്. നമുക്ക് നാളെ അറിയില്ല; എന്നാൽ നാളെ അറിയുന്ന ദൈവത്തെ നമുക്ക് അറിയാം. അതാണ് ക്രൈസ്തവന്റെ സമാധാനം.

നാളെയെക്കുറിച്ചുള്ള അമിതമായ ചിന്തയിൽ മറ്റൊരു അപകടവും ഒളിഞ്ഞിരിക്കുന്നു. നാം ഭൂമിയിലെ നാളെയെക്കുറിച്ച് വളരെയധികം ചിന്തിക്കുമ്പോൾ നിത്യതയിലെ നാളെയെ മറക്കുന്നു. പുതിയ വീട്, പുതിയ കാർ, നല്ല ജോലി, കൂടുതൽ പണം, കൂടുതൽ സൗകര്യം, കൂടുതൽ പ്രശസ്തി ഇവയെല്ലാം താൽക്കാലികമാണ്. എന്നാൽ ക്രിസ്തുവിലുള്ള ജീവിതം നിത്യതയുടേതാണ്. എബ്രായർ 11:16 പറയുന്നു: ഇപ്പോൾ അവർ ഒരു മെച്ചപ്പെട്ട ദേശത്തെ, അതായത് സ്വർഗ്ഗീയ ദേശത്തെ ആഗ്രഹിക്കുന്നു. ഈ ലോകത്തെ അവഗണിക്കണമെന്നല്ല അതിന്റെ അർത്ഥം. ഈ ലോകത്തിൽ ജീവിക്കുമ്പോഴും ഈ ലോകം നമ്മുടെ അവസാന ലക്ഷ്യമല്ലെന്ന് ഓർക്കുക എന്നതാണ്. നമുക്ക് ഒരു ഭവനം വരാനുണ്ട്. നമുക്ക് ഒരു നഗരം വരാനുണ്ട്. നമുക്ക് ഒരു രാജാവ് വരാനുണ്ട്. നമുക്ക് ഒരു നിത്യത വരാനുണ്ട്. അതുകൊണ്ട് നമ്മുടെ കണ്ണുകൾ ഭൂമിയിലെ നാളെയിൽ മാത്രം പതിയാതെ സ്വർഗ്ഗീയ പ്രത്യാശയിലേക്കും ഉയർത്തണം.

മനുഷ്യജീവിതത്തിന്റെ ഒരു വിചിത്രത ഇതാണ്: അടുത്തത് വരുന്നതിനു മുമ്പേ അതിനായി നാം കാത്തിരിക്കുന്നു. ഇന്നത്തെ ഭക്ഷണം കഴിക്കുമ്പോൾ അടുത്ത ഭക്ഷണത്തെക്കുറിച്ച് ചിന്തിക്കുന്നു. ഇന്നത്തെ അവധി ആസ്വദിക്കുമ്പോൾ അടുത്ത യാത്രയെക്കുറിച്ച് ആലോചിക്കുന്നു. ഇന്നത്തെ സന്തോഷം അനുഭവിക്കുന്നതിനിടയിലും നാളത്തെ സന്തോഷത്തെക്കുറിച്ച് ചിന്തിക്കുന്നു. ഇന്ന് ജീവിക്കാൻ കഴിയാതെ നാളെക്കായി ഓടുന്ന മനുഷ്യൻ ഒടുവിൽ മനസ്സിലാക്കുന്നത്, ജീവിതം കടന്നുപോയി എന്നതാണ്. നാം കാത്തിരുന്ന അടുത്തത് വന്നുകൊണ്ടേയിരുന്നു; എന്നാൽ നാം യഥാർത്ഥത്തിൽ ജീവിച്ചിരുന്നില്ല. അതുകൊണ്ട് ഇന്നത്തെ നിമിഷത്തെ നിസ്സാരമാക്കരുത്. ഈ ദിവസം വീണ്ടും വരില്ല. ഈ സംഭാഷണം വീണ്ടും ആവർത്തിക്കണമെന്നില്ല. ഈ അവസരം വീണ്ടും ലഭിക്കണമെന്നില്ല. ഈ വ്യക്തി ഇന്ന് നിങ്ങളുടെ കൂടെയുണ്ട്; നാളെ എവിടെയായിരിക്കും എന്ന് നിങ്ങൾക്കറിയില്ല. അതുകൊണ്ട് ഇന്ന് സ്നേഹിക്കുക. ഇന്ന് ക്ഷമിക്കുക. ഇന്ന് നന്ദി പറയുക. ഇന്ന് ദൈവത്തെ ആരാധിക്കുക. ഇന്ന് ചെയ്യേണ്ട നന്മ ചെയ്യുക.

ക്രൈസ്തവജീവിതം നാളെയെക്കുറിച്ചുള്ള ഭയത്തിൽ ജീവിക്കുന്ന ജീവിതമല്ല. അതുപോലെ നാളെയെക്കുറിച്ച് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ജീവിതവുമല്ല. അത് ഒരു സമതുലിതമായ ജീവിതമാണ്ഇന്ന് വിശ്വസ്തരായി ജീവിക്കുക, നാളെ ദൈവത്തിന് ഏൽപ്പിക്കുക, നിത്യതയെ പ്രത്യാശയോടെ കാത്തിരിക്കുക. നമുക്ക് നാളെയെ നിയന്ത്രിക്കാൻ കഴിയില്ല; എന്നാൽ നാളെയെ നിയന്ത്രിക്കുന്നവനെ നമുക്ക് വിശ്വസിക്കാം. നമുക്ക് നാളെ കാണാൻ കഴിയില്ല; എന്നാൽ നാളെ കാണുന്ന ദൈവം നമ്മോടുകൂടെ നടക്കുന്നു. നമുക്ക് ഭാവി അറിയില്ല; എന്നാൽ നമ്മുടെ ഭാവി ദൈവത്തിന് അറിയാം. അതുകൊണ്ട് നാളെയിൽ നമ്മുടെ പ്രത്യാശ സ്ഥാപിക്കരുത്. നാളെയിൽ അല്ല, ദൈവത്തിൽ പ്രത്യാശ വെക്കുക.

ദൈവം നമുക്ക് നൽകിയ ജീവിതത്തെ നന്ദിയോടെ സ്വീകരിക്കാം. ഇന്ന് നമ്മുടെ കുടുംബത്തെ സ്നേഹിക്കാം. ഇന്ന് ക്ഷമിക്കേണ്ടവരെ ക്ഷമിക്കാം. ഇന്ന് പ്രാർത്ഥിക്കാം. ഇന്ന് ദൈവവചനം ധ്യാനിക്കാം. ഇന്ന് സുവിശേഷം പങ്കുവയ്ക്കാം. ഇന്ന് ദൈവം ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ നിർവഹിക്കാം. അതോടൊപ്പം നമ്മുടെ കണ്ണുകൾ നിത്യതയിലേക്ക് ഉയർത്താം. കാരണം നാളെ മാറാം, സാഹചര്യങ്ങൾ മാറാം, മനുഷ്യർ മാറാം, സമ്പത്ത് നഷ്ടപ്പെടാം, ആരോഗ്യം മാറാം, പദ്ധതികൾ പരാജയപ്പെടാം. എന്നാൽ ദൈവം മാറുന്നില്ല. അവന്റെ വാഗ്ദാനങ്ങൾ മാറുന്നില്ല. അവന്റെ സ്നേഹം മാറുന്നില്ല. അവന്റെ കൃപ മാറുന്നില്ല. ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശ മാറുന്നില്ല.

നമുക്ക് ധൈര്യത്തോടെ പറയാം: എന്റെ നാളെ എനിക്കറിയില്ല; എന്നാൽ എന്റെ നാളെയെ അറിയുന്ന ദൈവത്തെ ഞാൻ അറിയുന്നു. ഇതാണ് വിശ്വാസത്തിന്റെ സമാധാനം. ഇതാണ് ക്രൈസ്തവ പ്രത്യാശ. നാളെ അനിശ്ചിതമാണ്, എന്നാൽ ദൈവം ഉറപ്പുള്ളവനാണ്. നാളെ അജ്ഞാതമാണ്, എന്നാൽ ദൈവത്തിന് അത് അറിയാം. നാളെ നമ്മുടെ കൈകളിലല്ല, എന്നാൽ അത് ദൈവത്തിന്റെ കൈകളിലാണ്. അതുകൊണ്ട് നാളെയിൽ പ്രത്യാശ വയ്ക്കരുത്; ഇന്നിന്റെ കൃപയിൽ ജീവിക്കുകയും നിത്യതയുടെ പ്രത്യാശയിൽ മുന്നേറുകയും ചെയ്യുക. പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ നിങ്ങൾക്കു ലഭിക്കാനിരിക്കുന്ന കൃപയിൽ പൂർണ്ണ പ്രത്യാശ വെക്കുവിൻ (1 പത്രോസ് 1:13). നമ്മുടെ യഥാർത്ഥ നാളെ ഒരു സാമ്പത്തിക പദ്ധതിയിലോ അഞ്ചുവർഷ പദ്ധതിയിലോ വിരമിക്കൽ പദ്ധതിയിലോ അല്ല; നമ്മുടെ യഥാർത്ഥ ഭാവി ക്രിസ്തുവിലാണ്.





റവ. ദിനേശ് പ്രസാദ്
ഛത്തീസ്ഘഡ്

# സമർപ്പിക്കപ്പെട്ട മനുഷ്യൻ

## ദൈവത്തിന്റെ വിളിക്കായി ഒരുങ്ങുന്ന ജീവിതം

*''ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ യഹോവയാണെന്നു സത്യം; എന്റെ വചനപ്രകാരം അല്ലാതെ ഈ വർഷങ്ങളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല.''*
*1 രാജാക്കന്മാർ 17:1*

ചരിത്രത്തിലെ ചില നിർണായക നിമിഷങ്ങളിൽ ദൈവം ഒരു മനുഷ്യനെ എഴുന്നേൽപ്പിക്കുന്നു. ആ മനുഷ്യൻ ഒരു വ്യക്തി മാത്രമായിരിക്കില്ല; ഒരു കാലഘട്ടത്തിന്റെ ആത്മീയ പ്രതിസന്ധിക്ക് ദൈവം നൽകുന്ന മറുപടിയായി മാറും. അത്തരമൊരു മനുഷ്യനായിരുന്നു ഏലീയാവ്. ഇസ്രായേലിന്റെ ആത്മീയ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട കാലഘട്ടങ്ങളിലൊന്നിലാണ് അദ്ദേഹം രംഗപ്രവേശം ചെയ്യുന്നത്. ആഹാബ് രാജാവിന്റെ ഭരണവും ബാലാരാധനയുടെ വ്യാപനവും ദൈവജനത്തിന്റെ വിശ്വാസത്യാഗവും നിറഞ്ഞിരുന്ന കാലമായിരുന്നു അത്. എന്നാൽ ആ ഇരുട്ടിന്റെ നടുവിൽ ദൈവത്തിന്റെ ശബ്ദമായി ഒരാൾ ഉയർന്നു. ഏലീയാവിന്റെ ആദ്യ വാക്കുകൾ തന്നെ ദൈവത്തിന്റെ വാക്കുകളായിരുന്നു. അവ എളുപ്പത്തിൽ കേൾക്കാവുന്ന വാക്കുകളായിരുന്നില്ല. മഴയില്ലായ്മയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനം രാജ്യത്തിന് സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധി വരുത്തുന്ന സന്ദേശമായിരുന്നു. എന്നാൽ അതോടൊപ്പം അത് മാനസാന്തരത്തിലേക്കുള്ള ദൈവത്തിന്റെ ക്ഷണവും ആയിരുന്നു. ഏലീയാവിന്റെ ശക്തി കർമ്മേൽമലയിൽ ആരംഭിച്ചതല്ല; രാജാവിന്റെ മുമ്പിൽ നിന്ന നിമിഷത്തിലും ആരംഭിച്ചതല്ല. അതിനുമുമ്പേ, ദൈവത്തിന്റെ മുമ്പിൽ തന്റെ ജീവിതം സമർപ്പിച്ചപ്പോഴാണ് ആ ശക്തിയുടെ അടിത്തറ സ്ഥാപിക്കപ്പെട്ടത്. അവൻ ആദ്യം ദൈവത്തിന്റെ മനുഷ്യനായി; അതിനുശേഷമാണ് തന്റെ കാലത്തിനുള്ള മനുഷ്യനായത്.

ഏലീയാവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ആദ്യം ഓർക്കുന്നത് അദ്ദേഹത്തിന്റെ ധൈര്യമാണ്. ആഹാബിന്റെ മുമ്പിൽ ഭയമില്ലാതെ നിന്ന പ്രവാചകൻ, ബാലിന്റെ പ്രവാചകന്മാരെ നേരിട്ട മനുഷ്യൻ, ദൈവത്തിന്റെ ശക്തിയിൽ മഴയ്ക്കായി പ്രാർത്ഥിച്ച മനുഷ്യൻഇവയെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തിലെ ശ്രദ്ധേയമായ ഭാഗങ്ങളാണ്. എന്നാൽ ആ ധൈര്യത്തിന്റെ പിന്നിൽ മറ്റൊരു വലിയ സത്യമുണ്ടായിരുന്നു: സമർപ്പണം. ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്താത്ത ഒരാൾക്ക് മനുഷ്യരുടെ മുമ്പിൽ ദീർഘകാലം ഉറച്ചുനിൽക്കാൻ കഴിയില്ല. ഏലീയാവ് ആഹാബിന്റെ മുമ്പിൽ നിൽക്കുന്നതിന് മുമ്പ് തന്റെ യഥാർത്ഥ രാജാവായ ദൈവത്തിന്റെ മുമ്പിൽ നിന്നിരുന്നു. അതുകൊണ്ടാണ് അവന് രാജാവിന്റെ അധികാരത്തെ ഭയക്കാതെ ദൈവത്തിന്റെ വചനം പറയാൻ കഴിഞ്ഞത്. അവന്റെ വായ ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു; അവന്റെ കാലുകൾ ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു; അവന്റെ സമയം ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു; അവന്റെ ഭാവി ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു. അവൻ ദൈവത്തിന്റേതായിരുന്നു.

ഇന്നത്തെ ലോകം മനുഷ്യനോട് നിരന്തരം ചോദിക്കുന്നത്, നിനക്ക് എന്താകണം? എന്നാണ്. നല്ല ജോലി നേടണം, നല്ല പേര് ഉണ്ടാക്കണം, വലിയ നേട്ടങ്ങൾ കൈവരിക്കണം, സമൂഹത്തിൽ അംഗീകാരം നേടണം, സ്വന്തം സ്വപ്നങ്ങൾ സാക്ഷാത്കരിക്കണംഇവയെല്ലാം ജീവിതത്തിന്റെ ലക്ഷ്യങ്ങളായി മുന്നിൽ വരുന്നു. എന്നാൽ തിരുവചനം നമ്മോട് മറ്റൊരു അടിസ്ഥാനചോദ്യം ചോദിക്കുന്നു: നീ ആരുടേതാണ്? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് ജീവിതത്തിന്റെ യഥാർത്ഥ ദിശ നിർണ്ണയിക്കുന്നത്. നാം ക്രിസ്തുവിന്റേതാണെങ്കിൽ നമ്മുടെ പദ്ധതികൾ ക്രിസ്തുവിന്റെ പദ്ധതികൾക്ക് കീഴടങ്ങണം; നമ്മുടെ ആഗ്രഹങ്ങൾ അവന്റെ ഇഷ്ടത്തിന് കീഴടങ്ങണം; നമ്മുടെ കഴിവുകൾ അവന്റെ രാജ്യത്തിനായി ഉപയോഗിക്കപ്പെടണം. സമർപ്പണം എന്നത് ദൈവത്തോട് നമ്മുടെ പദ്ധതികൾ അംഗീകരിക്കാൻ ആവശ്യപ്പെടുന്നതല്ല. മറിച്ച്, നമ്മുടെ ജീവിതം ദൈവത്തിന്റെ പദ്ധതിക്ക് സമർപ്പിക്കുന്നതാണ്. ഏലീയാവ് സ്വന്തം കഥ എഴുതാൻ ശ്രമിച്ചില്ല. ദൈവം തന്റെ ജീവിതത്തിന്റെ കഥ എഴുതാൻ അദ്ദേഹം അനുവദിച്ചു. അതുകൊണ്ടാണ് ദൈവം പറഞ്ഞപ്പോൾ അദ്ദേഹം പോയത്, ദൈവം സംസാരിക്കാൻ പറഞ്ഞപ്പോൾ സംസാരിച്ചത്, ദൈവം മറഞ്ഞിരിക്കുവാൻ പറഞ്ഞപ്പോൾ മറഞ്ഞിരുന്നത്, വീണ്ടും എഴുന്നേൽക്കാൻ പറഞ്ഞപ്പോൾ എഴുന്നേറ്റത്. ഇതാണ് സമർപ്പിത ജീവിതത്തിന്റെ സൗന്ദര്യം.

ഏലീയാവിന്റെ വായ ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് രാജാവിന്റെ മുമ്പിൽ നിൽക്കുമ്പോൾ തന്റെ വ്യക്തിപരമായ അഭിപ്രായം പറയുന്നതിനു പകരം ദൈവത്തിന്റെ വചനം പറയാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ഇന്നും ദൈവത്തിന് സമർപ്പിക്കപ്പെട്ട ശബ്ദങ്ങൾ ആവശ്യമാണ്. സഭയിൽ പ്രസംഗിക്കുന്ന ശബ്ദങ്ങൾ മാത്രമല്ല, കുടുംബത്തിൽ സത്യം പറയുന്ന ശബ്ദങ്ങൾ, സമൂഹത്തിൽ നീതിക്കുവേണ്ടി സംസാരിക്കുന്ന ശബ്ദങ്ങൾ, നിരാശരായവരെ ആശ്വസിപ്പിക്കുന്ന ശബ്ദങ്ങൾ, വഴിതെറ്റിയവരെ ക്രിസ്തുവിലേക്ക് ക്ഷണിക്കുന്ന ശബ്ദങ്ങൾ എന്നിവയും ആവശ്യമാണ്. എന്നാൽ ദൈവത്തിന് സമർപ്പിച്ച വായയുടെ പ്രത്യേകത, അത് എപ്പോൾ സംസാരിക്കണമെന്നും എപ്പോൾ മിണ്ടാതിരിക്കണമെന്നും അറിയുന്നു എന്നതാണ്. നമ്മുടെ വാക്കുകൾ ദൈവത്തിന്റെ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്നുണ്ടോ? നമ്മുടെ സംഭാഷണങ്ങൾ ക്രിസ്തുവിനെ ഉയർത്തുന്നുണ്ടോ? നമ്മുടെ ശബ്ദം മറ്റുള്ളവരെ പണിയുകയാണോ, തകർക്കുകയാണോ? സമർപ്പണം വേദിയിൽ ആരംഭിക്കുന്നില്ല; അത് ഹൃദയത്തിലാണ് ആരംഭിക്കുന്നത്.

ഏലീയാവിന്റെ കാലുകൾക്കും ദൈവത്തിന്റെ വിളിക്ക് കീഴടങ്ങിയിരുന്നു. ദൈവം പറഞ്ഞപ്പോൾ അദ്ദേഹം പോയി. ദൈവം എവിടേക്കാണ് നയിക്കുന്നതെന്ന് എല്ലാം അറിഞ്ഞ ശേഷമല്ല അദ്ദേഹം യാത്ര ആരംഭിച്ചത്. ദൈവത്തിന്റെ അടുത്ത നിർദ്ദേശത്തിൽ വിശ്വസിച്ചാണ് അദ്ദേഹം മുന്നോട്ട് പോയത്. വിശ്വാസത്തിന്റെ ജീവിതം പലപ്പോഴും അങ്ങനെയാണ്. ദൈവം മുഴുവൻ ഭൂപടവും നമ്മുടെ കൈകളിൽ ഏൽപ്പിക്കണമെന്നില്ല. പലപ്പോഴും അടുത്ത ചുവടിനുള്ള വെളിച്ചം മാത്രമാണ് നൽകുന്നത്. നമുക്ക് മുഴുവൻ ഭാവിയും അറിയണമെന്നില്ല; എന്നാൽ അടുത്ത ചുവട് എടുക്കാൻ ദൈവത്തിൽ വിശ്വാസമുണ്ടാകണം. സമർപ്പിക്കപ്പെട്ട മനുഷ്യൻ ദൈവത്തോട് എവിടേക്കാണ്? എന്ന് ചോദിക്കുന്നതിനുമുമ്പ്, കർത്താവേ, അങ്ങ് പറയുന്നിടത്തേക്ക് പോകാൻ ഞാൻ തയ്യാറാണ് എന്ന് പറയുന്നു.

**ദൈവത്തിന്റെ മനുഷ്യനാകുക. ദൈവത്തിന് കീഴടങ്ങുക. ദൈവത്തിന്റെ വിളിക്കായി തയ്യാറാകുക. അപ്പോൾ നമ്മുടെ ജീവിതം ഒരു സാധാരണ ജീവിതമായി മാത്രം നിലനിൽക്കുകയില്ല. നമ്മുടെ കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും, ഒരുപക്ഷേ നമ്മുടെ കാലഘട്ടത്തിനുതന്നെയും, ദൈവത്തിന്റെ മറുപടിയായി അത് മാറും.**

ഏലീയാവിന്റെ ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ ഭാഗങ്ങളിൽ ഒന്നായിരുന്നു ഒറ്റയ്ക്കു നിൽക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത. അദ്ദേഹത്തിന്റെ കാലത്ത് ദൈവത്തിൽനിന്നുള്ള അകലം സമൂഹത്തിൽ സാധാരണമായിരുന്നു. അധികാരവും സമൂഹവും ഒരു ദിശയിലേക്ക് നീങ്ങുമ്പോൾ ഏലീയാവ് സത്യത്തിന്റെ മറ്റൊരു ദിശയിൽ നിന്നു. ഭൂരിപക്ഷം തെറ്റായ വഴിയിലായിരുന്നാലും സത്യത്തിന്റെ പക്ഷത്ത് നിൽക്കാൻ അദ്ദേഹം തയ്യാറായിരുന്നു. ഇന്നും ക്രിസ്തീയ ജീവിതത്തിൽ ഇതിന് വലിയ പ്രസക്തിയുണ്ട്. ജനപ്രീതിക്ക് എതിരായി സത്യം തിരഞ്ഞെടുക്കേണ്ടിവരാം. സൗകര്യത്തിന് എതിരായി വിശ്വസ്തത തിരഞ്ഞെടുക്കേണ്ടിവരാം. ഭൂരിപക്ഷത്തിന് എതിരായി ദൈവവചനം തിരഞ്ഞെടുക്കേണ്ടിവരാം. അപ്പോൾ ചോദിക്കേണ്ടത് എത്ര പേർ എന്റെ കൂടെയുണ്ട്? എന്നല്ല; ദൈവം എന്റെ കൂടെയുണ്ടോ? എന്നതാണ്. മനുഷ്യരുടെ അംഗീകാരം നഷ്ടപ്പെട്ടാലും ദൈവസാന്നിധ്യം നഷ്ടപ്പെടുന്നില്ലെന്ന് ദൈവത്തിന്റെ മനുഷ്യന് അറിയാം.

ഏലീയാവിന്റെ ജീവിതത്തിലെ മറ്റൊരു പ്രധാന ഭാഗമാണ് അദ്ദേഹത്തിന്റെ മറഞ്ഞിരിക്കുന്ന കാലം. ലോകത്തിന്റെ കണ്ണിൽ അത് വലിയ ശുശ്രൂഷയുടെ കാലമല്ലെന്ന് തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ കണ്ണിൽ അത് തയ്യാറെടുപ്പിന്റെ കാലമായിരുന്നു. ഇന്നും പല ദൈവമക്കളും മറഞ്ഞിരിക്കുന്ന കാലങ്ങളിലൂടെ കടന്നുപോകുന്നു. ആരും ശ്രദ്ധിക്കാത്ത കാലം, ഫലം കാണാത്ത കാലം, കാത്തിരിക്കേണ്ട കാലം, വാതിലുകൾ തുറക്കാത്ത കാലംഇവയെല്ലാം നമ്മുടെ ജീവിതത്തിൽ ഉണ്ടാകാം. എന്നാൽ മറഞ്ഞിരിക്കുന്നു എന്നത് ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എന്നല്ല. ദൈവം ചിലപ്പോൾ നമ്മെ ജനങ്ങളിൽനിന്ന് മറയ്ക്കുന്നത് നമ്മെ തന്റെ സാന്നിധ്യത്തിൽ രൂപപ്പെടുത്താനാണ്. വേദിയിലെ ശുശ്രൂഷയ്ക്ക് മുമ്പ് ഏകാന്തതയുടെ ശുശ്രൂഷ വരാം. ദൈവം നമ്മെ ഉപയോഗിക്കുന്നതിന് മുമ്പ് നമ്മെ ഒരുക്കുന്നു. അതുകൊണ്ട് കാത്തിരിപ്പിന്റെ കാലത്തെ പാഴായ കാലമായി കാണരുത്. ദൈവത്തിന്റെ കൈകളിൽ അത് രൂപീകരണത്തിന്റെ കാലമായിരിക്കാം.

ഏലീയാവ് തന്റെ കാലത്തിനുള്ള മനുഷ്യനായിരുന്നു. അവൻ മറ്റൊരു കാലഘട്ടത്തിനുവേണ്ടി ജീവിച്ചില്ല; തന്റെ കാലത്തിന്റെ ആത്മീയ ആവശ്യത്തിനിടയിലാണ് ദൈവം അവനെ ഉയർത്തിയത്. അതുപോലെ, നമുക്കും നമ്മുടെ കാലത്തോട് ഉത്തരവാദിത്തമുണ്ട്. കുടുംബങ്ങൾ ആത്മീയമായി തളരുമ്പോൾ ദൈവത്തിന്റെ മനുഷ്യരായ പിതാക്കന്മാരും മാതാക്കളും ആവശ്യമാണ്. കുട്ടികൾ ആശയക്കുഴപ്പത്തിലാകുമ്പോൾ ദൈവിക സത്യത്തിൽ ഉറച്ചുനിൽക്കുന്ന അധ്യാപകർ ആവശ്യമാണ്. യുവതലമുറ വിവിധ ആശയങ്ങളുടെ തിരമാലകളിൽ ഒഴുകുമ്പോൾ ക്രിസ്തുവിനെ ധൈര്യത്തോടെ ഉയർത്തിക്കാണിക്കുന്ന യുവാക്കൾ ആവശ്യമാണ്. സഭയ്ക്ക് പരിപാടികൾ മാത്രമല്ല, സമർപ്പിക്കപ്പെട്ട മനുഷ്യരും സ്ത്രീകളും ആവശ്യമാണ്. സമൂഹത്തിന് ശബ്ദങ്ങൾ അനേകം ഉണ്ട്; എന്നാൽ ദൈവത്തിന്റെ വചനം പറയുന്ന ശബ്ദങ്ങൾ എത്രയുണ്ട്? ദൈവം നമ്മെ ഈ കാലഘട്ടത്തിൽ തന്നെയാണ് നിർത്തിയിരിക്കുന്നത്. അതിനാൽ മറ്റൊരു കാലത്ത് ജീവിക്കണമെന്ന ആഗ്രഹത്തേക്കാൾ, ദൈവം നൽകിയിരിക്കുന്ന ഈ സമയത്ത് വിശ്വസ്തരാകാനുള്ള ആഗ്രഹമാണ് നമ്മിൽ വളരേണ്ടത്.

ദൈവത്തിന് ഇന്നും ഏലീയാവിനെപ്പോലെയുള്ള സമർപ്പിത ജീവിതങ്ങൾ ആവശ്യമാണ്. വലിയ പേരുകൾ മാത്രമല്ല, വലിയ വേദികൾ മാത്രമല്ല, വലിയ സ്ഥാപനങ്ങൾ മാത്രമല്ല; ദൈവത്തിന് വലിയ ഹൃദയങ്ങളാണ് ആവശ്യമായത്അവനു പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഹൃദയങ്ങൾ. ഒരു കുടുംബത്തെ മാറ്റാൻ ഒരു സമർപ്പിത പിതാവിന് കഴിയും. ഒരു തലമുറയെ സ്വാധീനിക്കാൻ ഒരു സമർപ്പിത അധ്യാപകന് കഴിയും. ഒരു സഭയെ ഉണർത്താൻ ഒരു സമർപ്പിത ശുശ്രൂഷകന് കഴിയും. ഒരു സമൂഹത്തിൽ പ്രത്യാശയുടെ പ്രകാശമാകാൻ ഒരു സമർപ്പിത ക്രിസ്ത്യാനിക്ക് കഴിയും. ദൈവത്തിന്റെ കൈകളിൽ സമർപ്പിക്കപ്പെട്ട ഒരു സാധാരണ ജീവിതം പോലും അസാധാരണമായ അനുഗ്രഹമായി മാറാം.

ഏലീയാവിന്റെ ജീവിതം നമ്മോട് ചോദിക്കുന്ന അവസാന ചോദ്യം, നീ ദൈവത്തിനുവേണ്ടി എന്തു ചെയ്യാൻ തയ്യാറാണ്? എന്നതിനു മുമ്പ്, നീ ദൈവത്തിന് നിന്നെത്തന്നെ നൽകിയിട്ടുണ്ടോ? എന്നതാണ്. നമ്മുടെ കഴിവുകൾക്കു മുമ്പ് നമ്മുടെ ഹൃദയം വേണം. നമ്മുടെ ശുശ്രൂഷയ്ക്കു മുമ്പ് നമ്മുടെ സമർപ്പണം വേണം. നമ്മുടെ പദ്ധതികൾക്കു മുമ്പ് ദൈവത്തിന്റെ ഇഷ്ടം വേണം. നമ്മുടെ ശബ്ദത്തിനു മുമ്പ് ദൈവത്തിന്റെ വചനം വേണം. നമ്മുടെ യാത്രയ്ക്കു മുമ്പ് ദൈവത്തിന്റെ വിളി വേണം. ഏലീയാവ് ആഹാബിന്റെ മുമ്പിൽ നിൽക്കുന്നതിന് മുമ്പ് ദൈവത്തിന്റെ മുമ്പിൽ നിന്നിരുന്നു. അതുകൊണ്ടാണ് രാജാവിന്റെ മുമ്പിൽ ഭയമില്ലാതെ നിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്.

നമ്മുടെ കാലം നമ്മോട് ചോദിച്ചേക്കാം: നിനക്ക് എന്താകണം? എന്നാൽ ദൈവം ചോദിക്കുന്നത്, നീ ആരുടേതാണ്? എന്നായിരിക്കാം. ആ ചോദ്യത്തിന് നമ്മുടെ ജീവിതം നൽകേണ്ട മറുപടി ഇതായിരിക്കട്ടെ: കർത്താവേ, ഞാൻ അങ്ങയുടേതാണ്. എന്റെ ജീവിതം അങ്ങയുടേതാണ്. എന്റെ ശബ്ദം അങ്ങയുടേതാണ്. എന്റെ കഴിവുകൾ അങ്ങയുടേതാണ്. എന്റെ സമയം അങ്ങയുടേതാണ്. എന്റെ ഭാവി അങ്ങയുടേതാണ്. അങ്ങ് എവിടെ അയച്ചാലും ഞാൻ പോകും. അങ്ങ് എന്തു പറയാൻ പറഞ്ഞാലും ഞാൻ പറയും. അങ്ങ് എങ്ങനെ ഉപയോഗിച്ചാലും ഞാൻ തയ്യാറാണ്.

ദൈവത്തിന്റെ മനുഷ്യനാകുക. ദൈവത്തിന് കീഴടങ്ങുക. ദൈവത്തിന്റെ വിളിക്കായി തയ്യാറാകുക. അപ്പോൾ നമ്മുടെ ജീവിതം ഒരു സാധാരണ ജീവിതമായി മാത്രം നിലനിൽക്കുകയില്ല. നമ്മുടെ കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും, ഒരുപക്ഷേ നമ്മുടെ കാലഘട്ടത്തിനുതന്നെയും, ദൈവത്തിന്റെ മറുപടിയായി അത് മാറും.

ഏലീയാവിന്റെ ജീവിതത്തിലേക്ക് നോക്കുമ്പോൾ നമുക്കും സ്വയം ചോദിക്കാം: എന്റെ ജീവിതത്തിന്റെ യഥാർത്ഥ നിയന്ത്രണം ആരുടെ കൈകളിലാണ്? ദൈവം എന്നോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടാൽ എന്റെ ഏറ്റവും വലിയ തടസ്സം എന്തായിരിക്കും? ഭയമോ, സൗകര്യമോ, മനുഷ്യരുടെ അഭിപ്രായമോ? എന്റെ സംസാരവും തീരുമാനങ്ങളും ദൈവത്തിന് സമർപ്പിക്കപ്പെട്ടതാണോ? ഞാൻ ഇപ്പോൾ അനുഭവിക്കുന്ന മറഞ്ഞിരിക്കുന്ന കാലം ദൈവത്തിന്റെ പരിശീലനകാലമായിരിക്കാമോ? എല്ലാവരും മറ്റൊരു ദിശയിലേക്ക് പോകുമ്പോഴും ദൈവവചനത്തിൽ ഉറച്ചുനിൽക്കാൻ ഞാൻ തയ്യാറാണോ? എന്റെ കുടുംബത്തിലും സഭയിലും സമൂഹത്തിലും ദൈവം എന്നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തം എന്താണ്? ഇന്ന് ഞാൻ ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കേണ്ട മേഖല ഏതാണ്?

കർത്താവേ, എന്റെ ജീവിതത്തിന്റെ ഉടമസ്ഥത ഞാൻ അങ്ങയ്ക്ക് സമർപ്പിക്കുന്നു. എന്റെ ഇഷ്ടത്തെക്കാൾ അങ്ങയുടെ ഇഷ്ടം തിരഞ്ഞെടുക്കാനും, എന്റെ സൗകര്യത്തെക്കാൾ അങ്ങയുടെ വിളിയെ തിരഞ്ഞെടുക്കാനും എന്നെ സഹായിക്കണമേ. എന്റെ കാലത്തിനായി അങ്ങ് ഉപയോഗിക്കുന്ന ഒരു വിശ്വസ്ത മനുഷ്യനാക്കണമേ. എന്റെ ജീവിതവും വാക്കുകളും പ്രവർത്തികളും അങ്ങയുടെ മഹത്വത്തിനായി ഉപയോഗിക്കണമേ.



ബിനോയി റ്റി
ചെന്നൈ

# ക്രിസ്തുവിനായി ജീവിച്ചവർ

## മരണത്തെയും ജയിച്ച പ്രത്യാശ

റോമൻ സാമ്രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വിവാദപരമായ ഭരണാധികാരികളിൽ ഒരാളായിരുന്നു നീറോ. എ.ഡി. 54 മുതൽ 68 വരെ അദ്ദേഹം റോമൻ സാമ്രാജ്യം ഭരിച്ചു. അദ്ദേഹത്തിന്റെ ഭരണകാലം രാഷ്ട്രീയ സംഘർഷങ്ങളാലും അധികാരപ്പോരാട്ടങ്ങളാലും ക്രൂരതകളാലും ഓർമ്മിക്കപ്പെടുന്നു. ക്രിസ്ത്യാനികളുടെ ചരിത്രത്തിലും നീറോയുടെ പേര് ഒരു ഇരുണ്ട അധ്യായവുമായി ബന്ധപ്പെട്ടിരിക്കുന്നു. റോമിലെ വലിയ തീപിടിത്തത്തിനുശേഷം ക്രിസ്ത്യാനികൾക്കെതിരെ നടന്ന പീഡനങ്ങളുമായി അദ്ദേഹത്തിന്റെ ഭരണകാലം ചരിത്രപരമായി ബന്ധിപ്പിക്കപ്പെടുന്നു. ആ കാലഘട്ടത്തിലാണ് അപ്പൊസ്തലന്മാരായ പത്രോസും പൗലോസും ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിച്ചതായി പ്രാചീന ക്രൈസ്തവ പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നത്.

പത്രോസും പൗലോസും ഒരേ പശ്ചാത്തലത്തിൽ നിന്നുള്ളവരായിരുന്നില്ല. ഒരാൾ ഗലീലക്കടലിന്റെ തീരത്ത് വല വീശിയിരുന്ന ഒരു സാധാരണ മത്സ്യത്തൊഴിലാളിയായിരുന്നു; മറ്റൊരാൾ വിദ്യാഭ്യാസവും മതപരമായ പാരമ്പര്യവും റോമൻ പൗരത്വവുമുള്ള തർസൊസിലെ ശൗൽ ആയിരുന്നു. എന്നാൽ ക്രിസ്തുവിനെ കണ്ടുമുട്ടിയപ്പോൾ അവരുടെ ജീവിതത്തിന്റെ ദിശ പൂർണ്ണമായി മാറി. മനുഷ്യരുടെ കണക്കിൽ വ്യത്യസ്തരായിരുന്ന അവർ ദൈവത്തിന്റെ പദ്ധതിയിൽ ഒരേ ലക്ഷ്യത്തിലേക്ക് വിളിക്കപ്പെട്ടുയേശുക്രിസ്തുവിന്റെ സാക്ഷികളാകാൻ.

പത്രോസ് യേശുവിന്റെ ആദ്യ ശിഷ്യന്മാരിൽ ഒരാളായിരുന്നു. ഒരിക്കൽ ഗലീലക്കടലിൽ മത്സ്യബന്ധനം നടത്തിക്കൊണ്ടിരുന്ന അവനെ യേശു വിളിച്ചു:

എന്റെ പിന്നാലെ വരിക; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും (മത്തായി 4:19). ആ വിളി പത്രോസിന്റെ ജീവിതത്തെ മാറ്റിമറിച്ചു. എന്നാൽ പത്രോസിന്റെ ജീവിതം പരാജയങ്ങളില്ലാത്തതായിരുന്നില്ല. യേശുവിനെ സ്നേഹിച്ചിരുന്നെങ്കിലും, അവൻ യേശുവിനെ മൂന്നു പ്രാവശ്യം നിഷേധിച്ചു. എന്നിരുന്നാലും പരാജയം അവന്റെ അവസാന അധ്യായമായില്ല. ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവനെ പുനഃസ്ഥാപിച്ചു. പിന്നീട് പെന്തെക്കോസ്ത് ദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പത്രോസ് ധൈര്യത്തോടെ ക്രിസ്തുവിനെ പ്രസംഗിച്ചു. ഒരിക്കൽ ഭയന്ന് യേശുവിനെ നിഷേധിച്ച മനുഷ്യൻ പിന്നീട് ക്രിസ്തുവിനുവേണ്ടി മരണത്തെ നേരിടാൻ തയ്യാറായ ഒരു സാക്ഷിയായി മാറി.

പൗലോസിന്റെ കഥ അതിലും അത്ഭുതകരമാണ്. ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന ശൗൽ എന്ന മനുഷ്യനായിരുന്നു അദ്ദേഹം. യേശുവിന്റെ അനുയായികളെ ഇല്ലാതാക്കുന്നതാണ് ദൈവത്തെ സേവിക്കുന്നതെന്ന് അവൻ കരുതി. സ്തെഫാനോസിന്റെ കല്ലേറിനും അവൻ അനുകൂലമായി നിന്നതായി അപ്പൊസ്തലപ്രവൃത്തികൾ രേഖപ്പെടുത്തുന്നു. എന്നാൽ ദമസ്കൊസിലേക്കുള്ള വഴിയിൽ അവന്റെ ജീവിതത്തെ മുഴുവൻ മാറ്റിമറിച്ച ഒരു ദൈവിക അനുഭവം ഉണ്ടായി. ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവനെ അഭിമുഖീകരിച്ചു. ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്തിന്? എന്ന കർത്താവിന്റെ ചോദ്യം അവന്റെ ജീവിതത്തിന്റെ വഴിത്തിരിവായി. ക്രിസ്തുവിനെ ഇല്ലാതാക്കാൻ പുറപ്പെട്ട മനുഷ്യൻ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ഏറ്റവും ശക്തനായ പ്രഘോഷകനായി മാറി.

പൗലോസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന വലിയ സത്യം ഇതാണ്: ക്രിസ്തുവുമായുള്ള ഒരു യഥാർത്ഥ കൂടിക്കാഴ്ച മനുഷ്യന്റെ ഭൂതകാലത്തെക്കാൾ ശക്തമാണ്. ഇന്നലെ ക്രിസ്തുവിന്റെ ശത്രുവായിരുന്ന ഒരാൾ നാളെ ക്രിസ്തുവിന്റെ ദാസനാകാം. ഇന്നലെ പരാജയപ്പെട്ട ഒരാൾ നാളെ ദൈവത്തിന്റെ ശക്തമായ സാക്ഷിയാകാം. ദൈവം മനുഷ്യനെ അവന്റെ പഴയ ജീവിതംകൊണ്ട് മാത്രം വിലയിരുത്തുന്നില്ല; അവന്റെ കൃപയാൽ പുതിയ ജീവിതത്തിലേക്ക് വിളിക്കുന്നു.

പത്രോസിന്റെയും പൗലോസിന്റെയും ജീവിതം ഒടുവിൽ രക്തസാക്ഷിത്വത്തിലേക്കാണ് എത്തിയത്. പൗലോസ് റോമിൽ വധിക്കപ്പെട്ടുവെന്നും, റോമൻ പൗരനായിരുന്നതിനാൽ വാളുകൊണ്ട് ശിരഛേദം ചെയ്യപ്പെട്ടുവെന്നും ക്രൈസ്തവ പാരമ്പര്യം പറയുന്നു. പത്രോസ് ക്രൂശിക്കപ്പെട്ടുവെന്നും, തന്റെ കർത്താവായ യേശുവിനെപ്പോലെ തന്നെ ക്രൂശിക്കപ്പെടാൻ താൻ യോഗ്യനല്ലെന്ന് കരുതി തലകീഴായി ക്രൂശിക്കപ്പെട്ടുവെന്നുമാണ് പ്രാചീന പാരമ്പര്യം പറയുന്നത്. ഈ അവസാന വിശദാംശത്തിന് തിരുവെഴുത്തിൽ നേരിട്ടുള്ള രേഖയില്ലെങ്കിലും, പത്രോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള പുരാതന ക്രൈസ്തവ സാക്ഷ്യങ്ങളിൽ ഇത് കാണപ്പെടുന്നു.

എന്നാൽ അവരുടെ മരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, നാം മരണത്തിന്റെ ക്രൂരതയിൽ മാത്രം നിൽക്കരുത്. അതിനപ്പുറം അവരുടെ ജീവിതത്തിന്റെ അർത്ഥം കാണണം. പത്രോസും പൗലോസും ക്രിസ്തുവിനുവേണ്ടി ജീവിച്ചു; അതുകൊണ്ടുതന്നെ അവർ ക്രിസ്തുവിനുവേണ്ടി മരിക്കാനും തയ്യാറായി. അവരുടെ ശരീരം കൊല്ലപ്പെട്ടെങ്കിലും അവരുടെ സാക്ഷ്യം കൊല്ലപ്പെട്ടില്ല. അവരുടെ ശബ്ദം നിശ്ശബ്ദമാക്കാൻ ശ്രമിച്ചെങ്കിലും സുവിശേഷത്തിന്റെ ശബ്ദം കൂടുതൽ ദൂരത്തേക്ക് എത്തി. സാമ്രാജ്യങ്ങൾ മാറി, ഭരണാധികാരികൾ അപ്രത്യക്ഷരായി, എന്നാൽ ക്രിസ്തുവിന്റെ സുവിശേഷം ഇന്നും ലോകമെമ്പാടും പ്രസംഗിക്കപ്പെടുന്നു.

ഇവിടെയാണ് നീറോയുടെയും പത്രോസിന്റെയും പൗലോസിന്റെയും ജീവിതങ്ങൾ തമ്മിലുള്ള വലിയ വ്യത്യാസം കാണുന്നത്. നീറോ തന്റെ പേരും അധികാരവും ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചു. പത്രോസും പൗലോസും ക്രിസ്തുവിന്റെ നാമം ഉയർത്തിപ്പിടിക്കാനാണ് ജീവിച്ചത്. ഒരാൾ സ്വയം കേന്ദ്രമാക്കി; മറ്റുള്ളവർ ക്രിസ്തുവിനെ കേന്ദ്രമാക്കി. ഒരാൾ തന്റെ മഹത്വം സംരക്ഷിക്കാൻ ശ്രമിച്ചു; മറ്റുള്ളവർ ക്രിസ്തുവിന്റെ മഹത്വത്തിനായി സ്വന്തം ജീവിതം പോലും സമർപ്പിച്ചു.

ഇന്നത്തെ മനുഷ്യനും ഇതേ പരീക്ഷണത്തിന്റെ മുമ്പിലാണ്. ലോകം നമ്മോട് നിരന്തരം പറയുന്നത്, നിന്നെ ഉയർത്തുക, മറ്റുള്ളവരെ മറികടക്കുക, നിന്റെ പേര് പ്രശസ്തമാക്കുക, നീ വിജയിച്ചുവെന്ന് തെളിയിക്കുക എന്നതാണ്. പലപ്പോഴും മറ്റുള്ളവരെ താഴ്ത്തിയാണ് ചിലർ തങ്ങളെ ഉയർത്താൻ ശ്രമിക്കുന്നത്. ജീവിതത്തെ ഒരു ഏണിയായി കാണുകയും മറ്റുള്ളവരുടെ മേൽ കാൽവെച്ച് മുകളിലേക്ക് കയറാൻ ശ്രമിക്കുകയും ചെയ്യുന്ന സംസ്കാരം ഇന്നും നിലനിൽക്കുന്നു. എന്നാൽ ക്രിസ്തീയജീവിതത്തിന്റെ വഴി വ്യത്യസ്തമാണ്. യേശു പറഞ്ഞു:

നിങ്ങളിൽ വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആയിരിക്കണം (മത്തായി 23:11). ക്രിസ്തുവിന്റെ രാജ്യത്തിൽ മഹത്വത്തിന്റെ വഴി സേവനത്തിലൂടെയാണ്.

പത്രോസിന്റെയും പൗലോസിന്റെയും ജീവിതം നമ്മെ മറ്റൊരു പ്രധാന സത്യത്തിലേക്കും നയിക്കുന്നുക്രിസ്തുവിനെ പിന്തുടരുന്നത് എല്ലായ്പ്പോഴും സൗകര്യത്തിലേക്കുള്ള യാത്രയല്ല. യേശുവിന്റെ പിന്നാലെ നടക്കുക എന്നത് ചിലപ്പോൾ ത്യാഗത്തിലേക്കും കഷ്ടതയിലേക്കും പീഡനത്തിലേക്കും നയിച്ചേക്കാം. പൗലോസ് തന്റെ ശുശ്രൂഷയിൽ അടികളും തടവുകളും അപമാനങ്ങളും അപകടങ്ങളും അനുഭവിച്ചു. എങ്കിലും അദ്ദേഹം പിൻമാറിയില്ല. തന്റെ ജീവിതത്തിന്റെ അവസാനം അദ്ദേഹം പറഞ്ഞു:

ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു (2 തിമൊഥെയൊസ് 4:7).

ഈ വാക്കുകളിൽ ഒരു വിജയിയുടെ ശബ്ദമുണ്ട്. പൗലോസിന്റെ വിജയം ശത്രുക്കളെ പരാജയപ്പെടുത്തിയതിലായിരുന്നില്ല. വലിയ സമ്പത്ത് നേടിയതിലുമല്ല. ലോകപ്രശസ്തനായതിലുമല്ല. തനിക്ക് ഏൽപ്പിച്ച ദൗത്യം വിശ്വസ്തതയോടെ പൂർത്തിയാക്കിയതിലാണ് അദ്ദേഹത്തിന്റെ വിജയം. ക്രിസ്തീയ ജീവിതത്തിന്റെ യഥാർത്ഥ വിജയവും ഇതുതന്നെയാണ്. എത്ര വർഷം ജീവിച്ചു എന്നതിലുപരി, ആ വർഷങ്ങൾ ആർക്കുവേണ്ടി ജീവിച്ചു എന്നതാണ് പ്രധാനപ്പെട്ടത്.

പത്രോസിന്റെയും പൗലോസിന്റെയും രക്തസാക്ഷിത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, യേശുവിന്റെ വാക്കുകൾ വീണ്ടും ഓർമ്മയിൽ വരുന്നു: നിങ്ങൾ ജാഗരിച്ചുകൊൾവിൻ; നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരും എന്നു നിങ്ങൾ അറിയുന്നില്ല (മത്തായി 24:42). ക്രിസ്തീയ ജീവിതം തയ്യാറെടുപ്പിന്റെ ജീവിതമാണ്. ക്രിസ്തുവിന്റെ മടങ്ങിവരവിനായി ജാഗരിച്ചിരിക്കുന്ന ജീവിതം. മത്തായി 25:113–ൽ യേശു പത്ത് കന്യകമാരുടെ ഉപമ പറഞ്ഞു. എല്ലാവരും മണവാളനെ കാത്തിരുന്നു. എല്ലാവർക്കും വിളക്കുകളുണ്ടായിരുന്നു. എന്നാൽ എല്ലാവരും ഒരുപോലെ തയ്യാറായിരുന്നില്ല. മണവാളൻ വൈകിയപ്പോൾ അവർ എല്ലാവരും ഉറങ്ങി. അർദ്ധരാത്രിയിൽ ഇതാ മണവാളൻ വരുന്നു എന്ന വിളി ഉയർന്നു. തയ്യാറായിരുന്നവർ മണവാളനോടൊപ്പം വിവാഹവിരുന്നിലേക്ക് പ്രവേശിച്ചു. തയ്യാറെടുപ്പില്ലാത്തവർക്ക് വാതിൽ അടഞ്ഞുപോയി.

ഈ ഉപമയുടെ കേന്ദ്രസന്ദേശം വളരെ വ്യക്തമാണ്: കർത്താവിന്റെ വരവിന്റെ ദിവസം നമുക്ക് അറിയില്ല; അതുകൊണ്ട് നാം എപ്പോഴും തയ്യാറായിരിക്കണം. ക്രിസ്തുവിന്റെ മടങ്ങിവരവ് എപ്പോൾ സംഭവിക്കും എന്നതിനെക്കുറിച്ച് തീയതി നിശ്ചയിക്കാനല്ല ബൈബിൾ നമ്മെ വിളിക്കുന്നത്. മറിച്ച്, ഏതു നിമിഷവും കർത്താവിനെ നേരിടാൻ തയ്യാറായ വിശുദ്ധമായ ജീവിതം നയിക്കാനാണ് വിളിക്കുന്നത്.

ഇവിടെ പത്രോസിന്റെയും പൗലോസിന്റെയും മരണവും പത്ത് കന്യകമാരുടെ ഉപമയും തമ്മിൽ ഒരു ആത്മീയ ബന്ധമുണ്ട്. അവർ തങ്ങളുടെ അവസാന നിമിഷം അറിയുമായിരുന്നില്ല. എന്നാൽ അവർ ക്രിസ്തുവിനുവേണ്ടി ജീവിച്ചു. അവരുടെ ജീവിതം തയ്യാറായ ജീവിതമായിരുന്നു. അതുകൊണ്ട് അവരുടെ മരണവും ഒരു തോൽവിയായിരുന്നില്ല. അവർ ക്രിസ്തുവിൽ പ്രത്യാശ വെച്ചിരുന്നു. പൗലോസ് എഴുതുന്നു: എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു (ഫിലിപ്പിയർ 1:21). ഈ വാക്കുകൾ മരണത്തെ മഹത്വവൽക്കരിക്കുന്നതല്ല; ക്രിസ്തുവിലുള്ള വിശ്വാസം മരണത്തേക്കാൾ ശക്തമാണെന്ന് പ്രഖ്യാപിക്കുന്നതാണ്.

ക്രിസ്തുവിന്റെ മരണമാണ് ഈ പ്രത്യാശയുടെ അടിസ്ഥാനം. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്റെ ജീവൻ നൽകി. എന്നാൽ ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രം കുരിശിൽ അവസാനിക്കുന്നില്ല. യേശു ഉയിർത്തെഴുന്നേറ്റു. അതുകൊണ്ടാണ് ക്രിസ്തുവിന്റെ അനുയായികൾക്ക് മരണത്തിനപ്പുറമുള്ള പ്രത്യാശയുള്ളത്. യേശു പറഞ്ഞു:

ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹന്നാൻ 11:25). പത്രോസിന്റെയും പൗലോസിന്റെയും രക്തസാക്ഷിത്വത്തെ മനസ്സിലാക്കേണ്ടത് ഈ ഉയിർപ്പിന്റെ പ്രത്യാശയുടെ വെളിച്ചത്തിലാണ്.

ഇന്നും ലോകത്തിന്റെ പല ഭാഗങ്ങളിലും ക്രിസ്തുവിൽ വിശ്വസിക്കുന്നവർ വിവിധ തരത്തിലുള്ള എതിർപ്പുകളും പീഡനങ്ങളും നേരിടുന്നു. ചിലർ വിശ്വാസത്തിന്റെ പേരിൽ കുടുംബത്തിൽ നിന്നും സമൂഹത്തിൽനിന്നും അകറ്റപ്പെടുന്നു. ചിലർ ജോലി നഷ്ടപ്പെടുന്നു. ചിലർ തടവിലാകുന്നു. ചിലർ ശാരീരികമായ ആക്രമണങ്ങൾ നേരിടുന്നു. എന്നാൽ സഭയുടെ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: പീഡനം സുവിശേഷത്തെ ഇല്ലാതാക്കാൻ കഴിയില്ല. മനുഷ്യർ സാക്ഷികളെ നിശ്ശബ്ദരാക്കാൻ ശ്രമിച്ചാലും ദൈവവചനം ബന്ധിക്കപ്പെടുകയില്ല.

പത്രോസും പൗലോസും നമ്മോട് ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്: നിങ്ങൾ ക്രിസ്തുവിനായി എന്താണ് ജീവിക്കുന്നത്? നമുക്ക് ക്രിസ്തുവിന്റെ പേര് പറയുന്നത് എളുപ്പമാണ്. എന്നാൽ ക്രിസ്തുവിന്റെ സ്വഭാവം നമ്മുടെ ജീവിതത്തിൽ പ്രകടമാകുന്നുണ്ടോ? നാം അവനെ ഒന്നാമതാക്കുന്നുണ്ടോ? നമ്മുടെ തീരുമാനങ്ങളിൽ അവന് സ്ഥാനം ഉണ്ടോ? നമ്മുടെ കുടുംബത്തിൽ അവന് സ്ഥാനം ഉണ്ടോ? നമ്മുടെ സമയത്തിലും പണത്തിലും കഴിവുകളിലും ശുശ്രൂഷയിലും അവന് സ്ഥാനം ഉണ്ടോ?

ക്രിസ്തുവിനെ ഒന്നാമതാക്കുക എന്നത് ഒരു മതപരമായ മുദ്രാവാക്യം മാത്രമല്ല. അത് ജീവിതത്തിന്റെ കേന്ദ്രം മാറ്റുകയാണ്. ഞാൻ എന്നതിന്റെ സ്ഥാനത്ത് ക്രിസ്തു വരുന്നതാണ് യഥാർത്ഥ ശിഷ്യത്വം. എന്റെ ആഗ്രഹത്തിന് പകരം അവന്റെ ഇഷ്ടം. എന്റെ മഹത്വത്തിന് പകരം അവന്റെ മഹത്വം. എന്റെ സൗകര്യത്തിന് പകരം അവന്റെ വിളി. എന്റെ ഭയത്തിന് പകരം അവനിലുള്ള വിശ്വാസം.

പത്രോസിന്റെയും പൗലോസിന്റെയും ജീവിതം ഒടുവിൽ നമ്മെ മരണത്തെക്കുറിച്ച് മാത്രമല്ല, എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. മരണം ഒരിക്കൽ എല്ലാവരെയും നേരിടേണ്ട യാഥാർഥ്യമാണ്. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവന് മരണം അവസാനവാക്കല്ല. ക്രിസ്തുവാണ് അവസാനവാക്ക്. അതുകൊണ്ട് നമുക്ക് ഭയത്തിൽ ജീവിക്കേണ്ടതില്ല. ജാഗ്രതയോടെ ജീവിക്കണം. വിശ്വസ്തരായി ജീവിക്കണം. സ്നേഹത്തോടെ ജീവിക്കണം. സുവിശേഷത്തിനായി ജീവിക്കണം.

ഒരു ദിവസം മണവാളൻ വരും. ആ ദിവസം നമുക്ക് അറിയില്ല. ആ നിമിഷം എപ്പോൾ വരുമെന്ന് ആരും പറയാനാവില്ല. എന്നാൽ ഒരു കാര്യം ഉറപ്പാണ് ക്രിസ്തു വരും. അതുകൊണ്ട് നമ്മുടെ വിളക്കുകൾ കത്തിച്ചുവെക്കാം. നമ്മുടെ വിശ്വാസം ജീവനോടെ സൂക്ഷിക്കാം. നമ്മുടെ ഹൃദയം ക്രിസ്തുവിനായി ഒരുക്കിവെക്കാം. ലോകം എന്തു പറഞ്ഞാലും, സാഹചര്യങ്ങൾ എത്ര മാറിയാലും, നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ ക്രിസ്തു തന്നെയായിരിക്കട്ടെ.

പത്രോസിന്റെയും പൗലോസിന്റെയും കഥ നമ്മെ ഒരു അവസാന ചോദ്യത്തിന് മുമ്പിൽ നിർത്തുന്നു: കർത്താവ് ഇന്ന് വന്നാൽ ഞാൻ തയ്യാറാണോ? എന്റെ ജീവിതം ക്രിസ്തുവിനുവേണ്ടി ജീവിച്ച ജീവിതമാണോ? എന്റെ വിശ്വാസം വെറും വാക്കുകളിലാണോ, അതോ എന്റെ ജീവിതത്തിൽ അതിന്റെ തെളിവുണ്ടോ? ഞാൻ ലോകത്തിന്റെ അംഗീകാരത്തിനായി ജീവിക്കുന്നുവോ, അതോ ക്രിസ്തുവിന്റെ അംഗീകാരത്തിനായി ജീവിക്കുന്നുവോ?

പത്രോസ് ക്രിസ്തുവിനെ നിഷേധിച്ച മനുഷ്യനിൽനിന്ന് ക്രിസ്തുവിനായി മരിച്ച അപ്പൊസ്തലനായി മാറി. പൗലോസ് ക്രിസ്ത്യാനികളെ പീഡിപ്പിച്ച ശൗലിൽനിന്ന് ക്രിസ്തുവിന്റെ സുവിശേഷത്തിനായി ജീവിതം സമർപ്പിച്ച അപ്പൊസ്തലനായി മാറി. അവരുടെ ജീവിതം നമ്മോട് പറയുന്നു: ദൈവത്തിന്റെ കൃപയ്ക്ക് മാറ്റാൻ കഴിയാത്ത ജീവിതമില്ല. ക്രിസ്തുവിനായി സമർപ്പിക്കാനാകാത്ത ജീവിതമില്ല. വിശ്വാസത്തോടെ അവസാനിപ്പിക്കാനാകാത്ത യാത്രയില്ല.

അതിനാൽ നമുക്ക് ഇന്നുതന്നെ ക്രിസ്തുവിനെ ഒന്നാമതാക്കാം. നാളെയെക്കുറിച്ചുള്ള ഉറപ്പിൽ അല്ല, ക്രിസ്തുവിലുള്ള പ്രത്യാശയിൽ ജീവിക്കാം. ലോകം നമ്മെ ഓർക്കുമോ എന്നതിനെക്കാൾ, ദൈവം നമ്മെ വിശ്വസ്തരായി കാണുമോ എന്നതിനെക്കുറിച്ച് ചിന്തിക്കാം. നമ്മുടെ പേര് ചരിത്രത്തിൽ നിലനിൽക്കുമോ എന്നതിനെക്കാൾ, നമ്മുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ടോ എന്നതാണ് പ്രധാനപ്പെട്ടത്.

ഒടുവിൽ, പൗലോസിന്റെ വാക്കുകൾ നമ്മുടെ ജീവിതത്തിന്റെയും പ്രാർത്ഥനയാകട്ടെ: ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു (2 തിമൊഥെയൊസ് 4:7). ലോകം നൽകുന്ന വിജയം താൽക്കാലികമാണ്. മനുഷ്യരുടെ പ്രശംസ മാറിപ്പോകും. അധികാരവും സമ്പത്തും അവസാനിക്കും. എന്നാൽ ക്രിസ്തുവിനായി ജീവിച്ച ജീവിതത്തിന്റെ ഫലം നിത്യതയിലേക്കാണ് നീളുന്നത്. അതുകൊണ്ട് ഇന്ന് നമുക്ക് തീരുമാനിക്കാംസ്വയം ഉയർത്താൻ അല്ല, ക്രിസ്തുവിനെ ഉയർത്താൻ; മറ്റുള്ളവരെ താഴ്ത്താൻ അല്ല, അവരെ ഉയർത്താൻ; ലോകത്തിനായി മാത്രം ജീവിക്കാൻ അല്ല, നിത്യതയ്ക്കായി ജീവിക്കാൻ; കർത്താവിന്റെ വരവിനെ ഭയത്തോടെ കാത്തിരിക്കാതെ, വിശ്വാസത്തോടും പ്രത്യാശയോടും കൂടി കാത്തിരിക്കാം.



# പരാജയത്തിലൂടെയും ദൈവം നമ്മെ രൂപപ്പെടുത്തുന്നു



സ്റ്റെഫനി സിസിലിയ

ക്രിസ്തീയ ജീവിതത്തിൽ നാം പലപ്പോഴും ദൈവം നമ്മെ ഉയർത്തണമെന്നും ശക്തിപ്പെടുത്തണമെന്നും വിജയത്തിലേക്ക് നയിക്കണമെന്നും പ്രാർത്ഥിക്കുന്നു. എന്നാൽ ദൈവത്തിന്റെ പരിശീലനം എല്ലായ്പ്പോഴും വിജയത്തിന്റെ പാതയിലൂടെയായിരിക്കണമെന്നില്ല. ചിലപ്പോൾ പരാജയങ്ങളിലൂടെയും ബലഹീനതകളിലൂടെയും പരിമിതികളിലൂടെയും വേദനകളിലൂടെയും ദൈവം നമ്മെ രൂപപ്പെടുത്തുന്നു. നമുക്ക് തോൽവിയായി തോന്നുന്ന ചില അനുഭവങ്ങൾ, ദൈവത്തിന്റെ കൈകളിൽ നമ്മുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്ന ശില്പിയുടെ ഉപകരണങ്ങളായി മാറുന്നു.

അപ്പൊസ്തലനായ പൗലോസിന്റെ ജീവിതം ഇതിന്റെ ശക്തമായ ഉദാഹരണമാണ്. അവൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു എന്നു പറയുന്നു. മനുഷ്യവാക്കുകൾക്ക് പൂർണ്ണമായി വിവരിക്കാനാവാത്ത മഹത്തായ ആത്മീയ അനുഭവങ്ങൾ അവന് ലഭിച്ചു (2 കൊരിന്ത്യർ 12:24). എന്നാൽ അതേ പൗലോസിന്റെ ജീവിതത്തിൽ ഒരു ശരീരത്തിലെ മുള്ള് ഉണ്ടായിരുന്നു. അത് തന്റെ ആത്മീയ അനുഭവങ്ങളെ അഭിമാനത്തിനുള്ള കാരണമാക്കാതിരിക്കാനുള്ള ദൈവിക നിയന്ത്രണമായി മാറി.

പൗലോസ് ആ മുള്ള് നീക്കണമെന്നു കർത്താവിനോട് മൂന്നു പ്രാവശ്യം അപേക്ഷിച്ചു. എന്നാൽ ദൈവത്തിന്റെ മറുപടി അവൻ പ്രതീക്ഷിച്ചതുപോലെയായിരുന്നില്ല: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു (2 കൊരിന്ത്യർ 12:9).

ഇവിടെ ഒരു വലിയ ആത്മീയ സത്യം നാം കാണുന്നു. ദൈവം എല്ലായ്പ്പോഴും നമ്മുടെ ബലഹീനത നീക്കം ചെയ്തുകൊണ്ടല്ല നമ്മെ ശക്തരാക്കുന്നത്; ചിലപ്പോൾ നമ്മുടെ ബലഹീനതയിൽ തന്റെ ശക്തി വെളിപ്പെടുത്തിക്കൊണ്ടാണ് നമ്മെ ശക്തരാക്കുന്നത്.

നമ്മുടെ സ്വാഭാവിക പ്രവണത പരാജയത്തെയും ബലഹീനതയെയും എതിർക്കുന്നതാണ്. നമുക്ക് കഴിവുള്ളവരാകണം, വിജയികളാകണം, മറ്റുള്ളവരുടെ അംഗീകാരം നേടണം. നമ്മുടെ പരിമിതികൾ മറ്റുള്ളവർ കാണാതിരിക്കട്ടെ എന്നു നാം ആഗ്രഹിക്കുന്നു. എന്നാൽ ദൈവം പലപ്പോഴും നാം മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന അതേ സ്ഥലങ്ങളിലാണ് തന്റെ കൃപ ഏറ്റവും വ്യക്തമായി പ്രകടമാക്കുന്നത്.

എനിക്ക് കഴിയില്ല എന്ന് തിരിച്ചറിയുന്ന നിമിഷം ചിലപ്പോൾ ദൈവത്തിന് കഴിയും എന്ന വിശ്വാസത്തിന്റെ തുടക്കമാകുന്നു.

നമ്മുടെ കഴിവുകൾ നമ്മെ ആത്മവിശ്വാസികളാക്കാം; എന്നാൽ നമ്മുടെ പരിമിതികൾ നമ്മെ ദൈവാശ്രിതരാക്കുന്നു. നമ്മുടെ വിജയങ്ങൾ മറ്റുള്ളവരെ ആകർഷിച്ചേക്കാം; എന്നാൽ നമ്മുടെ ബലഹീനതകളിൽ അനുഭവിക്കുന്ന ദൈവകൃപ നമ്മെ യഥാർത്ഥത്തിൽ മാറ്റുന്നു.

അതുകൊണ്ട്, ജീവിതത്തിലെ എല്ലാ അപൂർണ്ണതകളെയും പരാജയങ്ങളെയും ബലഹീനതകളെയും ശാപമായി കാണരുത്. ചിലപ്പോൾ അവയിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം ഇതാണ്: നിന്റെ ശക്തിയല്ല, എന്റെ കൃപയാണ് നിന്നെ നിലനിർത്തുന്നത്.

യെശയ്യാവ് പറയുന്നു: യഹോവയെ കാത്തിരിക്കുന്നവരോ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും; അവർ ഓടിയാലും ക്ഷീണിക്കയില്ല; അവർ നടന്നാലും തളർന്നുപോകയില്ല (യെശയ്യാവ് 40:31). എന്നാൽ ആ പുതുക്കപ്പെട്ട ശക്തി എല്ലായ്പ്പോഴും നമ്മുടെ സ്വാഭാവിക കഴിവിന്റെ വർധനയല്ല. ക ചിലപ്പോൾ നാം എത്ര മാത്രം ദുർബലരാണെന്ന് തിരിച്ചറിയുന്നതിലൂടെയാണ് ദൈവത്തിന്റെ ശക്തി നമ്മിൽ പ്രവർത്തിക്കുന്നത്.

ദൈവം വിജയത്തെ അളക്കുന്നത് വ്യത്യസ്തമായ രീതിയിലാണ്. ലോകത്തിന്റെ വിജയത്തിന്റെ അളവുകോലുകളും ദൈവത്തിന്റെ അളവുകോലുകളും ഒരുപോലെയല്ല.

ലോകം വലിയ ബാങ്ക് അക്കൗണ്ടുകളെയും മനോഹരമായ താമസസ്ഥലങ്ങളെയും ബഹുമതികളെയും പുരസ്കാരങ്ങളെയും ബിരുദങ്ങളെയും പ്രശസ്തിയെയും സ്ഥാനമാനങ്ങളെയും വിജയത്തിന്റെ അടയാളങ്ങളായി കാണുന്നു. എന്നാൽ ദൈവം മനുഷ്യന്റെ ജീവിതത്തെ അളക്കുന്നത് ഈ കാര്യങ്ങൾകൊണ്ടല്ല.

യേശു ചോദിച്ചു: ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുകയും ചെയ്താൽ അവന്നു എന്തു പ്രയോജനം? (മത്തായി 16:26).

ലോകത്തിന്റെ കാഴ്ചയിൽ ഒരാൾ വിജയിച്ചവനായിരിക്കാം; എന്നാൽ ദൈവത്തിന്റെ കാഴ്ചയിൽ അവൻ പരാജിതനായിരിക്കാം. അതുപോലെ ലോകത്തിന്റെ കാഴ്ചയിൽ ചെറുതായി തോന്നുന്ന ഒരാളുടെ വിശ്വസ്തമായ ജീവിതം ദൈവത്തിന്റെ മുമ്പിൽ മഹത്തായ വിജയമായിരിക്കാം.

യേശു താലന്തുകളുടെ ഉപമയിൽ നല്ലതും വിശ്വസ്തനുമായ ദാസനോട് പറഞ്ഞു: നന്നായി, നല്ലവനും വിശ്വസ്തനുമായ ദാസനേ... നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക (മത്തായി 25:21). ഇവിടെ ശ്രദ്ധിക്കേണ്ടത് ദാസന്റെ പ്രശസ്തിയല്ല; അവന്റെ വിശ്വസ്തതയാണ്.

ലൂക്കോസ് 16:10 പറയുന്നു: അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ. ദൈവത്തിന്റെ കണക്കിൽ വിജയത്തിന്റെ പ്രധാന അളവുകോൽ വലുപ്പമല്ല, വിശ്വസ്തതയാണ്.

നിങ്ങൾക്ക് വലിയ വേദി ലഭിച്ചില്ലെങ്കിലും വിശ്വസ്തരായി തുടരുന്നുണ്ടോ? വലിയ ജനക്കൂട്ടം നിങ്ങളെ കേൾക്കുന്നില്ലെങ്കിലും സത്യം പ്രസംഗിക്കുന്നുണ്ടോ? നിങ്ങളുടെ സേവനത്തിന് പ്രശംസ ലഭിക്കുന്നില്ലെങ്കിലും നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നുണ്ടോ? നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉടൻ മറുപടി ലഭിക്കുന്നില്ലെങ്കിലും നിങ്ങൾ പ്രാർത്ഥനയിൽ തുടരുന്നുണ്ടോ?

എങ്കിൽ ലോകം നിങ്ങളെ പരാജിതനായി കാണുമ്പോഴും ദൈവത്തിന്റെ കണ്ണിൽ നിങ്ങൾ വിശ്വസ്തനായ ദാസനായിരിക്കാം.

ഒരു പരീക്ഷയിൽ പരാജയപ്പെട്ടത്, ഒരു പദ്ധതിയിൽ പരാജയപ്പെട്ടത്, ഒരു ശുശ്രൂഷയിൽ പ്രതീക്ഷിച്ച ഫലം ലഭിക്കാത്തത്, ഒരു ബന്ധത്തിൽ സംഭവിച്ച നിരാശ‌ഇവയൊന്നും നിങ്ങളുടെ ജീവിതത്തിന്റെ അന്തിമ വിധിയല്ല.

പരാജയം നമ്മെ തകർക്കാനല്ല, ശരിയായ രീതിയിൽ പുനർനിർമ്മിക്കാനാണ് ദൈവം ഉപയോഗിക്കുന്നത്.

പത്രോസ് യേശുവിനെ നിഷേധിച്ചു. എങ്കിലും അവന്റെ പരാജയം അവന്റെ ശുശ്രൂഷയുടെ അവസാനമായില്ല. പിന്നീട് യേശു അവനെ പുനഃസ്ഥാപിക്കുകയും തന്റെ ആടുകളെ മേയിക്കാൻ ഏൽപ്പിക്കുകയും ചെയ്തു.

മാർക്ക് ശുശ്രൂഷയിൽ നിന്ന് പിന്മാറിയ അനുഭവം ഉണ്ടായെങ്കിലും പിന്നീട് പൗലോസ് അവനെക്കുറിച്ച്, അവൻ എനിക്ക് ശുശ്രൂഷയ്ക്കു പ്രയോജനമുള്ളവൻ എന്നു പറഞ്ഞു (2 തിമൊഥെയൊസ് 4:11).

ഇവ നമ്മെ പഠിപ്പിക്കുന്നത് ഒരു പ്രധാന സത്യമാണ്: ദൈവം നമ്മുടെ പരാജയങ്ങളെക്കാൾ വലിയവനാണ്. നാം വീഴുന്ന സ്ഥലത്ത് ദൈവം നമ്മെ ഉപേക്ഷിക്കണമെന്നില്ല. ചിലപ്പോൾ അതേ സ്ഥലത്താണ് അവൻ നമ്മെ കൂടുതൽ വിനയമുള്ളവരായി, കൂടുതൽ കരുണയുള്ളവരായി, കൂടുതൽ ആശ്രിതരായി, കൂടുതൽ ഫലപ്രദരായി രൂപപ്പെടുത്തുന്നത്.

അതുകൊണ്ട് നിങ്ങളുടെ പരാജയത്തെക്കുറിച്ച് ദൈവത്തോട് ചോദിക്കേണ്ടത്, കർത്താവേ, എന്തുകൊണ്ട് ഇത് സംഭവിച്ചു? എന്നത് മാത്രമല്ല. അതോടൊപ്പം, കർത്താവേ, ഇതിലൂടെ നീ എന്നെ എന്താണ് പഠിപ്പിക്കുന്നത്? എന്നും ചോദിക്കാം.

കാരണം ചിലപ്പോൾ ദൈവത്തിന്റെ ഏറ്റവും ആഴമുള്ള പാഠങ്ങൾ വിജയത്തിന്റെ കൊടുമുടിയിൽ അല്ല, പരാജയത്തിന്റെ താഴ്വരയിലാണ് പഠിക്കുന്നത്.

ലോകം വിജയത്തെ ഫലത്തിന്റെ വലുപ്പത്തിൽ അളക്കുന്നു; ദൈവം അതിനെ ഹൃദയത്തിന്റെ വിശ്വസ്തതയിൽ അളക്കുന്നു.

എന്റെ ജീവിതത്തിലെ ഏതു പരാജയമാണ് ദൈവം എന്നെ കൂടുതൽ അവനിൽ ആശ്രയിക്കാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്?

ഞാൻ എന്റെ ബലഹീനതകളെ ദൈവകൃപയുടെ അവസരങ്ങളായി കാണുന്നുണ്ടോ?

ലോകത്തിന്റെ വിജയത്തിന്റെ അളവുകോലാണോ എന്റെ ജീവിതത്തെ നയിക്കുന്നത്, അതോ ദൈവത്തിന്റെ മുമ്പിലുള്ള വിശ്വസ്തതയാണോ?

എനിക്ക് ലഭിച്ച ചെറിയ ഉത്തരവാദിത്തങ്ങളിൽ ഞാൻ വിശ്വസ്തനാണോ?

ദൈവം നമ്മെ രൂപപ്പെടുത്തുന്നത് വിജയങ്ങളിലൂടെ മാത്രം അല്ല. ചിലപ്പോൾ പരാജയങ്ങളിലൂടെയും അവൻ നമ്മെ രൂപപ്പെടുത്തുന്നു. ചിലപ്പോൾ അടഞ്ഞ വാതിലുകൾ നമ്മുടെ വഴിയെ തടയുന്നതായി തോന്നും; എന്നാൽ പിന്നീട് മനസ്സിലാകുംഅത് ദൈവം നമ്മെ മറ്റൊരു വാതിലിലേക്ക് നയിച്ചതായിരുന്നു.

പൗലോസിന്റെ മുള്ള് അവന്റെ ബലഹീനതയുടെ അടയാളമായിരുന്നു; എന്നാൽ അതേ മുള്ളിലൂടെ ദൈവത്തിന്റെ കൃപയുടെ ശക്തി വെളിപ്പെട്ടു.

അതിനാൽ നിങ്ങളുടെ ജീവിതത്തിൽ ഇന്ന് നിങ്ങൾക്ക് ഒരു പരാജയം, ഒരു പരിമിതി, ഒരു ബലഹീനത, അല്ലെങ്കിൽ ഒരു പൂർത്തിയാകാത്ത സ്വപ്നം ഉണ്ടെങ്കിൽ നിരാശപ്പെടേണ്ടതില്ല. ദൈവത്തിന്റെ കൈകളിൽ ഒന്നും പാഴാകുന്നില്ല.

നിങ്ങളുടെ മുറിവുകൾ പോലും അവൻ സാക്ഷ്യങ്ങളാക്കി മാറ്റാം. നിങ്ങളുടെ ബലഹീനതകൾ അവന്റെ ശക്തിയുടെ വേദിയാകാം. നിങ്ങളുടെ പരാജയങ്ങൾ നിങ്ങളുടെ സ്വഭാവത്തിന്റെ ശില്പശാലയാകാം.

കാരണം ദൈവം നമ്മെ വിജയത്തിനായി മാത്രമല്ല, വിശ്വസ്തതയ്ക്കായി രൂപപ്പെടുത്തുന്നു.



# കഷ്ടം അനുഭവിച്ച രക്ഷകനും വിജയിയായ രാജാവും



വി പ്രസാദ്
ആന്ധ്രപ്രദേശ്

ക്രിസ്തു കഷ്ടം അനുഭവിക്കയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കയും ചെയ്യേണ്ടതായിരുന്നു. അപ്പൊസ്തലപ്രവൃത്തികൾ 17:3

ബൈബിൾ തുറക്കുമ്പോൾ നാം കാണുന്നത് അനേകം വ്യക്തികളെയും സംഭവങ്ങളെയും പ്രവചനങ്ങളെയും ചരിത്രങ്ങളെയും ഉപദേശങ്ങളെയും ആണ്. ചിലപ്പോൾ ഇവയെല്ലാം പരസ്പരം ബന്ധമില്ലാത്ത നിരവധി കഥകളുടെ സമാഹാരമായി തോന്നാം. എന്നാൽ തിരുവെഴുത്തിന്റെ ആഴത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ഒരു മഹത്തായ സത്യം തെളിഞ്ഞുവരുന്നുഈ മുഴുവൻ കഥയുടെയും കേന്ദ്രത്തിൽ ഒരു രാജാവുണ്ട്. ആ രാജാവ് യേശുക്രിസ്തുവാണ്.

അപ്പൊസ്തലനായ പൗലോസിന്റെ പ്രസംഗത്തിന്റെ പ്രത്യേകതയും ഇതു തന്നെയായിരുന്നു. അവൻ പ്രസംഗിച്ചപ്പോൾ മനുഷ്യന്റെ കഴിവുകളെയോ രാഷ്ട്രീയ പരിഹാരങ്ങളെയോ ഭൗതിക സമൃദ്ധിയെയോ ജീവിതവിജയത്തെയോ കേന്ദ്രമാക്കിയില്ല. അവന്റെ പ്രസംഗത്തിന്റെ ഹൃദയത്തിൽ യേശുക്രിസ്തുവായിരുന്നുകഷ്ടം അനുഭവിച്ച രക്ഷകനും മരണത്തെ ജയിച്ച വിജയിയായ രാജാവും.

അപ്പൊസ്തലപ്രവൃത്തികൾ 17-ൽ തെസ്സലോനിക്കയിലെത്തിയ പൗലോസ് യഹൂദരുടെ പള്ളിയിൽ പ്രവേശിച്ച് തിരുവെഴുത്തുകളിൽനിന്ന് അവരോട് സംസാരിച്ചു. അവൻ തിരുവെഴുത്തുകൾ വിശദീകരിക്കുകയും തെളിവുകൾ അവതരിപ്പിക്കുകയും ക്രിസ്തുവിനെ പ്രഖ്യാപിക്കുകയും ചെയ്തു. അവന്റെ സന്ദേശത്തിന്റെ കേന്ദ്രം വളരെ വ്യക്തമായിരുന്നു: മിശിഹാ കഷ്ടം അനുഭവിക്കണം, മരിക്കണം, പിന്നെ ഉയിർത്തെഴുന്നേൽക്കണം. പൗലോസ് ക്രിസ്തുവിനെക്കുറിച്ച് സംസാരിച്ചത് ഒരു തത്ത്വചിന്തയായി മാത്രമല്ല. അവൻ വിശ്വസിച്ച സത്യത്തിന്റെ സാക്ഷിയായിട്ടായിരുന്നു. ഞങ്ങൾ വിശ്വസിക്കുന്നു; അതുകൊണ്ടുതന്നെ സംസാരിക്കുന്നു (2 കൊരി. 4:13) എന്ന വാക്കുകൾ അവന്റെ ശുശ്രൂഷയുടെ ആത്മാവിനെ വ്യക്തമാക്കുന്നു.

യഥാർത്ഥ വിശ്വാസം സാക്ഷ്യത്തിലേക്ക് നയിക്കുന്നു. ക്രിസ്തു രക്ഷകനാണെന്ന് വിശ്വസിക്കുന്നവർ അവനെക്കുറിച്ച് സംസാരിക്കും. ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്ന് വിശ്വസിക്കുന്നവർ ആ പ്രത്യാശ മറച്ചുവയ്ക്കുകയില്ല.

ഇന്നത്തെ ലോകം വിജയത്തെ വളരെ വിലമതിക്കുന്നു. ശക്തി, സമ്പത്ത്, സ്വാധീനം, പ്രശസ്തി എന്നിവയാണ് പലപ്പോഴും വിജയത്തിന്റെ അളവുകോലുകൾ. എന്നാൽ ക്രിസ്തുവിന്റെ വഴി വ്യത്യസ്തമാണ്. ക്രിസ്തുവിന്റെ കിരീടത്തിലേക്കുള്ള വഴി ക്രൂശിലൂടെയായിരുന്നു. എന്നാൽ ക്രൂശ് അവന്റെ പരാജയമായിരുന്നില്ല. അത് ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയുടെ കേന്ദ്രമായിരുന്നു. ക്രൂശിൽ യേശു നമ്മുടെ പാപത്തിന്റെ ഭാരമേറ്റു. മനുഷ്യന് സ്വന്തമായി നേടാനാവാത്ത രക്ഷ അവൻ തന്റെ ത്യാഗത്തിലൂടെ ഒരുക്കി. അതുകൊണ്ട് ക്രിസ്തീയ വിശ്വാസം കഷ്ടതയെ നിഷേധിക്കുന്ന വിശ്വാസമല്ല. കഷ്ടതയ്ക്കുള്ളിൽ ദൈവത്തിന്റെ വീണ്ടെടുപ്പ് പ്രവർത്തനത്തെ കാണുന്ന വിശ്വാസമാണ്.

ക്രിസ്തുവിന്റെ കഥ ക്രൂശിൽ അവസാനിച്ചില്ല. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു. അതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവന് മരണത്തിനപ്പുറമുള്ള പ്രത്യാശയുണ്ട്. പരാജയത്തിനപ്പുറം പുതിയ സാധ്യതയുണ്ട്. കണ്ണുനീരിനപ്പുറം ആശ്വാസമുണ്ട്. കഷ്ടതയ്ക്കപ്പുറം മഹത്വമുണ്ട്. പത്രോസ് പറഞ്ഞത് ക്രിസ്തുവിന്റെ കഷ്ടങ്ങളെയും അതിനു ശേഷമുള്ള മഹത്വങ്ങളെയും കുറിച്ചാണ് (1 പത്രോ. 1:11).

ക്രൂശിന് ശേഷം കിരീടം. കഷ്ടത്തിന് ശേഷം മഹത്വം. മരണത്തിന് ശേഷം ഉയിർപ്പ്. ഇതാണ് ക്രിസ്തുവിന്റെ ജീവിതത്തിന്റെ മഹത്തായ സന്ദേശം.

ഒരു കൂട്ടം കുട്ടികൾ ഒരു വലിയ ജിഗ്സോ പസിൽ കൂട്ടിച്ചേർക്കുകയായിരുന്നു. നിരവധി കഷണങ്ങൾ അവരുടെ മുന്നിലുണ്ടായിരുന്നെങ്കിലും ചിത്രം എന്താണെന്ന് അവർക്ക് മനസ്സിലായില്ല. പല കഷണങ്ങളും തെറ്റായ സ്ഥാനങ്ങളിൽ വെച്ചു. ഒടുവിൽ അവർ പസിൽ പെട്ടിയുടെ മൂടി നോക്കി. അവിടെ ഒരു രാജാവിനെ കേന്ദ്രമാക്കി ഒരുക്കിയ ഒരു ചിത്രം ഉണ്ടായിരുന്നു. അപ്പോൾ ഒരു കുട്ടി പറഞ്ഞു: ഇപ്പോൾ എനിക്ക് മനസ്സിലായിരാജാവാണ് നടുവിൽ! രാജാവ് ചിത്രത്തിന്റെ കേന്ദ്രമാണെന്ന് തിരിച്ചറിഞ്ഞതോടെ പസിലിലെ ഓരോ കഷണത്തിനും അതിന്റെ സ്ഥാനം കണ്ടെത്താൻ അവർക്ക് കഴിഞ്ഞു. തിരുവെഴുത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ്. രാജാവ് നടുവിലാണ്. യേശുക്രിസ്തു തിരുവെഴുത്തിന്റെ കേന്ദ്രമാണ്.

പഴയനിയമം അവന്റെ വരവിനായി കാത്തിരിക്കുന്നു. സുവിശേഷങ്ങൾ അവന്റെ ജീവിതവും ശുശ്രൂഷയും വെളിപ്പെടുത്തുന്നു. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ അവന്റെ സുവിശേഷം ലോകത്തിലേക്ക് വ്യാപിക്കുന്നതിനെ കാണിക്കുന്നു. ലേഖനങ്ങൾ അവന്റെ രക്ഷാപ്രവൃത്തിയുടെ അർത്ഥം വിശദീകരിക്കുന്നു. വെളിപ്പാട് അവന്റെ മഹത്തായ മടങ്ങിവരവിലേക്കും നിത്യരാജ്യത്തിലേക്കും നമ്മുടെ കണ്ണുകളെ ഉയർത്തുന്നു. യേശു തന്നെ പറഞ്ഞു: തിരുവെഴുത്തുകൾ എന്നെക്കുറിച്ച് സാക്ഷ്യം പറയുന്നു. (യോഹന്നാൻ 5:39)

അതുകൊണ്ട് ബൈബിൾ വായിക്കുമ്പോൾ നാം ചോദിക്കേണ്ട ഒരു പ്രധാന ചോദ്യം ഇതാണ്: ഈ ഭാഗം ക്രിസ്തുവിനെ എങ്ങനെ വെളിപ്പെടുത്തുന്നു?

# ലോകം ബൈബിളുമായി എങ്ങനെ ഇടപെടുന്നു- പുതിയ ആഗോള റിപ്പോർട്ട് പുറത്തുവന്നു

**ഷിക്കാഗോ •** ലോകമെമ്പാടുമുള്ള ജനങ്ങൾ ബൈബിളുമായി എങ്ങനെ ഇടപഴകുന്നുവെന്നത് വിശദമായി വിലയിരുത്തുന്ന പ്രധാന ആഗോള പഠന റിപ്പോർട്ട് പുറത്തിറങ്ങി. അമേരിക്ക ആസ്ഥാനമായുള്ള American Bible Society യും British and Foreign Bible Society യും ഉൾപ്പെടെയുള്ള ബൈബിൾ സംഘടനകളുടെ സഹകരണത്തോടെ തയ്യാറാക്കിയ റിപ്പോർട്ട്, വിവിധ രാജ്യങ്ങളിലെ ബൈബിൾ വായന, ഉപയോഗം, വിശ്വാസപരമായ സ്വാധീനം എന്നിവയുടെ പ്രവണതകൾ വിശകലനം ചെയ്യുന്നു.

റിപ്പോർട്ടനുസരിച്ച്, ലോകത്തിന്റെ പല ഭാഗങ്ങളിലും ബൈബിളിനോടുള്ള താൽപര്യം വർധിച്ചുവരുന്നുണ്ടെങ്കിലും, രാജ്യങ്ങൾക്കും പ്രായവിഭാഗങ്ങൾക്കും അനുസരിച്ച് ബൈബിളുമായുള്ള ഇടപെടലിൽ വലിയ വ്യത്യാസങ്ങളുണ്ട്. ചില പ്രദേശങ്ങളിൽ പതിവായി ബൈബിൾ വായിക്കുന്നവരുടെ എണ്ണം ഉയരുമ്പോൾ, മറ്റു ചില രാജ്യങ്ങളിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയാണ് കൂടുതൽ ആളുകൾ ദൈവവചനം വായിക്കുകയും കേൾക്കുകയും ചെയ്യുന്നത്.

ബൈബിൾ വായന വ്യക്തികളുടെ ആത്മീയ വളർച്ചയ്ക്കും കുടുംബജീവിതത്തിനും സമൂഹത്തിലെ മൂല്യബോധത്തിനും ഗുണകരമായ സ്വാധീനം ചെലുത്തുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. അതേസമയം, ബൈബിളിലേക്ക് ആളുകളെ കൂടുതൽ അടുപ്പിക്കുന്നതിനായി പ്രാദേശിക ഭാഷകളിലുള്ള വിവർത്തനങ്ങൾ, ഡിജിറ്റൽ വിഭവങ്ങൾ, സഭകളുടെ ശിഷ്യത്വ പരിപാടികൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും റിപ്പോർട്ട് നിർദേശിക്കുന്നു.

ആഗോള ബൈബിൾ ശുശ്രൂഷയുടെ ഭാവി രൂപപ്പെടുത്തുന്നതിനും വിവിധ രാജ്യങ്ങളിലെ സഭകൾക്കും ബൈബിൾ സംഘടനകൾക്കും പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഈ റിപ്പോർട്ട് സഹായകരമാകുമെന്ന് ഗവേഷകർ അഭിപ്രായപ്പെട്ടു.

# നൈജീരിയയിൽ കൂട്ടക്കൊല ചെയ്യപ്പെട്ട 30 ക്രൈസ്തവർക്കു കണ്ണീരോടെ അന്ത്യയാത്ര



**കഡൂന, നൈജീരിയ •** നൈജീരിയയിലെ കഡൂന സംസ്ഥാനത്തെ കൗറു കൗണ്ടിയിലെ നാരിഡോൺ ഗ്രാമത്തിൽ ആക്രമണത്തിൽ കൊല്ലപ്പെട്ട 30 ക്രൈസ്തവർക്കായി ആഗസ്റ്റ് 1-ന് വികാരനിർഭരമായ സംസ്കാര ശുശ്രൂഷകൾ നടന്നു. വിവിധ സഭകളിലെ വൈദികരും വിശ്വാസികളും ആയിരക്കണക്കിന് നാട്ടുകാരും അന്തിമശുശ്രൂഷയിൽ പങ്കെടുത്ത് കൊല്ലപ്പെട്ടവർക്കു ആദരാഞ്ജലികൾ അർപ്പിച്ചു.

ജൂലൈ 26-ന് രാത്രി ഗ്രാമത്തിലേക്ക് അതിക്രമിച്ച് കയറിയതായി സംശയിക്കുന്ന ഫുലാനി തീവ്രവാദികൾ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി പേരെ വെടിവെച്ചും വെട്ടിക്കൊലപ്പെടുത്തിയും ഗ്രാമത്തിന് തീകൊളുത്തുകയും ചെയ്തതായി പ്രാദേശിക സ്രോതസുകൾ അറിയിച്ചു. ആക്രമണത്തിൽ വീടുകളും സ്വത്തുക്കളും വ്യാപകമായി നശിച്ചു.

കഫാഞ്ചൻ കത്തോലിക്കാ രൂപതയുടെ ബിഷപ്പ് ജൂലിയസ് യാക്കുബു കുന്ദിയുടെ നേതൃത്വത്തിലായിരുന്നു സംസ്കാര ശുശ്രൂഷ. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അദ്ദേഹം ആശ്വാസം പകർന്നതോടൊപ്പം, കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും പ്രദേശത്തെ ക്രൈസ്തവ സമൂഹത്തിന് മതിയായ സുരക്ഷ ഉറപ്പാക്കാനും നൈജീരിയൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

സുരക്ഷാ സംവിധാനങ്ങൾ ഉണ്ടായിരുന്നിട്ടും ആക്രമണം തടയാൻ കഴിഞ്ഞില്ലെന്ന ആരോപണം ഉയരുന്ന സാഹചര്യത്തിൽ, നൈജീരിയയിലെ ക്രൈസ്തവ സമൂഹത്തിനെതിരായ ആവർത്തിച്ചുള്ള ആക്രമണങ്ങളെക്കുറിച്ച് അന്താരാഷ്ട്ര തലത്തിലും വീണ്ടും ആശങ്ക ഉയർന്നിരിക്കുകയാണ്.

# നാം ഒന്നാണ്, ക്രിസ്തുവിന്റെ ശരീരത്തിന്റെ വ്യത്യസ്ത പ്രകടനങ്ങൾ മാത്രം - മീലിസ് സുൾഡ്



**എസ്റ്റോണിയ •** വിവിധ സഭാപാരമ്പര്യങ്ങൾ തമ്മിലുള്ള ഐക്യവും പരസ്പര സഹകരണവും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി ക്രൈസ്തവ നേതാവ് മീലിസ് സുൾഡ് (Meelis Süld).

ക്രിസ്തുവിലുള്ള വിശ്വാസമാണ് എല്ലാ ക്രൈസ്തവരെയും ഒന്നിപ്പിക്കുന്ന അടിസ്ഥാനമെന്നും, സഭാപാരമ്പര്യങ്ങളിലെയും ആരാധനാരീതികളിലെയും വ്യത്യാസങ്ങൾ വിഭജനത്തിനുള്ള കാരണമാകരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ക്രിസ്തുവിന്റെ ശരീരത്തിന്റെ വിവിധ അവയവങ്ങളെപ്പോലെ എല്ലാ വിശ്വാസികളും ഒരേ ലക്ഷ്യത്തോടെ ദൈവരാജ്യത്തിന്റെ വികസനത്തിനായി സേവിക്കേണ്ടതുണ്ടെന്നും മീലിസ് സുൾഡ് വ്യക്തമാക്കി.

# ക്രൈസ്തവ കാർട്ടൂൺ ഒരു കുടുംബത്തെ പൂർണമായി മാറ്റിമറിച്ചു



**ഇന്തോനേഷ്യ •** ഒരു ചെറിയ ബാലൻ കണ്ട ക്രൈസ്തവ ബൈബിൾ കാർട്ടൂൺ ഒടുവിൽ മദ്യാസക്തിയും കുടുംബകലഹവും നിറഞ്ഞിരുന്ന ഒരു കുടുംബത്തിന്റെ ജീവിതം മാറ്റിമറിച്ച ഹൃദയസ്പർശിയായ സംഭവം ശ്രദ്ധേയമാകുന്നു. CBN Animation ന്റെ Superbook പരമ്പരയിലെ The Final Battle എന്ന എപ്പിസോഡാണ് ഈ കുടുംബത്തിന്റെ ആത്മീയ നവീകരണത്തിന് വഴിയൊരുക്കിയത്.

എട്ട് വയസ്സുകാരനായ ചാർലിയുടെ മാതാപിതാക്കളായ ജെമിസും ലെനിയും നിരന്തരം വഴക്കിടുകയും മദ്യപാനത്തിൽ മുഴുകുകയും ചെയ്തിരുന്നു. വീട്ടിൽ സമാധാനമില്ലാതിരുന്നതിനാൽ കുട്ടികൾക്ക് ആവശ്യമായ സ്നേഹവും പരിചരണവും ലഭിച്ചിരുന്നില്ല. കുടുംബഹിംസയും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് മാതാപിതാക്കൾ പിന്നീട് തുറന്നു സമ്മതിച്ചു.

ഒരു ദിവസം അയൽവാസിയുടെ ക്ഷണം സ്വീകരിച്ച് ചാർലി സൺഡേ സ്കൂളിൽ പങ്കെടുത്തു. അവിടെ ആദ്യമായി Superbook ലെ ''The Final Battle'' കാർട്ടൂൺ കണ്ടു. ദൈവം സാത്താനെയും ദുഷ്ടശക്തികളെയും ജയിക്കുന്ന കഥ ചാർലിയുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. തുടർന്ന് അവൻ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും, തന്റെ മാതാപിതാക്കളുടെ ജീവിതത്തിലും ദൈവം ഇടപെടണമെന്നു കണ്ണീരോടെ പ്രാർത്ഥിക്കാൻ തുടങ്ങുകയും ചെയ്തു.

ചാർലിയുടെ പ്രാർത്ഥനയ്ക്ക് മറുപടിയെന്നപോലെ രണ്ടാഴ്ചയ്ക്കകം അമ്മ ലെനി ആദ്യമായി ദേവാലയത്തിൽ എത്തി. പ്രസംഗം തന്റെ ഹൃദയത്തെ സ്പർശിച്ചതോടെ അവൾ കണ്ണീരോടെ മാനസാന്തരപ്പെട്ടു. പിന്നീട് പിതാവായ ജെമിസും രഹസ്യമായി ദേവാലയത്തിൽ പോകാൻ തീരുമാനിച്ചു. തുടർന്ന് ഇരുവരും യേശുക്രിസ്തുവിൽ വിശ്വസിച്ച് പുതിയ ജീവിതം ആരംഭിച്ചു.

ഇന്ന് ഈ കുടുംബത്തിൽ മദ്യപാനമില്ല, വഴക്കുകളില്ല. എല്ലാ ആഴ്ചയും കുടുംബമായി ദേവാലയത്തിൽ പങ്കെടുക്കുന്ന ഇവർ, ദൈവം തങ്ങളുടെ ജീവിതം പൂർണമായി മാറ്റിമറിച്ചതായി സാക്ഷ്യപ്പെടുത്തുന്നു. Superbook വഴിയാണ് ഞങ്ങളുടെ കുടുംബം യേശുവിനെ അറിഞ്ഞത്, എന്ന് സന്തോഷത്തോടെ ചാർലി പറയുന്നു.

# 'തൽക്ഷണ വിജയങ്ങളുടെ പിന്നാലെയുള്ള ഓട്ടം അവസാനിപ്പിക്കണം'; ക്രൈസ്തവർക്കുള്ള ആഹ്വാനം



**ലണ്ടൻ •** തൽക്ഷണ വിജയങ്ങളും പെട്ടെന്നുള്ള ഫലങ്ങളും മാത്രം ലക്ഷ്യമിടുന്ന മനോഭാവം ക്രൈസ്തവർ ഉപേക്ഷിക്കണമെന്ന് ക്രൈസ്തവ ചിന്തകർ ആഹ്വാനം ചെയ്തു. ദൈവരാജ്യത്തിലെ യഥാർഥ ശുശ്രൂഷയ്ക്ക് ക്ഷമയും വിശ്വസ്തതയും ദീർഘകാല സമർപ്പണവുമാണ് അടിസ്ഥാനമെന്ന് അവർ ചൂണ്ടിക്കാട്ടി.

ഇന്നത്തെ സമൂഹം ഉടനടി ഫലം ലഭിക്കുന്ന സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും, ബൈബിൾ പഠിപ്പിക്കുന്നത് ദൈവത്തിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും സമയമെടുത്താണ് ഫലം കായ്ക്കുന്നതെന്ന് ലേഖനം ഓർമ്മിപ്പിക്കുന്നു. അതിനാൽ സംഖ്യകളോ ജനപ്രീതിയോ മാത്രം വിജയത്തിന്റെ മാനദണ്ഡമാക്കാതെ, ദൈവത്തോടുള്ള വിശ്വസ്തതയാണ് യഥാർഥ വിജയം എന്ന് ക്രൈസ്തവർ മനസ്സിലാക്കേണ്ടതുണ്ടെന്നും പറയുന്നു.

സുവിശേഷപ്രവർത്തനത്തിലും സഭാശുശ്രൂഷകളിലും ആത്മീയ വളർച്ചയിലും സ്ഥിരോത്സാഹവും സഹിഷ്ണുതയും അനിവാര്യമാണെന്ന് ലേഖനം വിശദീകരിക്കുന്നു. വിത്ത് വിതയ്ക്കുന്ന കർഷകനെപ്പോലെ ഫലത്തിനായി കാത്തിരിക്കാൻ പഠിക്കണമെന്നും, ദൈവം തന്റെ സമയത്ത് അനുഗ്രഹം നൽകുമെന്ന വിശ്വാസത്തോടെ പ്രവർത്തിക്കണമെന്നും ക്രൈസ്തവർക്ക് ആഹ്വാനം നൽകുന്നു.

ലോകത്തിന്റെ വിജയമാനദണ്ഡങ്ങളെ പിന്തുടരുന്നതിനേക്കാൾ, ക്രിസ്തുവിന്റെ മാതൃകയിൽ വിശ്വസ്തതയോടെയും സ്നേഹത്തോടെയും സേവനം ചെയ്യുന്നതാണ് ദൈവസന്നിധിയിൽ വിലപ്പെട്ടതെന്നും ലേഖനം ഓർമ്മിപ്പിക്കുന്നു. ദീർഘകാല ആത്മീയ ഫലം ലക്ഷ്യമാക്കി ക്ഷമയോടെയും വിശ്വാസത്തോടെയും മുന്നേറുമ്പോഴാണ് ക്രൈസ്തവജീവിതം കൂടുതൽ ഫലപ്രദമാകുന്നതെന്നും ലേഖനം വ്യക്തമാക്കുന്നു.

# സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറുടെ വിശ്വാസയാത്ര വൈറലാകുന്നു



**ന്യൂയോർക്ക് •** ദൈവം യഥാർത്ഥത്തിൽ ഉണ്ടെന്ന് കരുതി 30 ദിവസം ജീവിച്ചാൽ എന്റെ ജീവിതത്തിൽ എന്ത് മാറ്റമുണ്ടാകും? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അമേരിക്കയിലെ ന്യൂയോർക്ക് ആസ്ഥാനമായുള്ള സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ ബ്രയാൻ ഗുവാൻ (Brian Guan) ആരംഭിച്ച 30 ദിവസത്തെ വിശ്വാസപരീക്ഷണം സോഷ്യൽ മീഡിയയിൽ വ്യാപക ശ്രദ്ധ നേടുന്നു.

ക്രിപ്റ്റോകറൻസി മേഖലയിലെ സംരംഭകനായിരുന്ന ഗുവാൻ, കോളേജ് പഠനകാലത്ത് ക്രിസ്തീയ വിശ്വാസത്തിൽ നിന്ന് അകന്നുപോയതായി പറയുന്നു. പിന്നീട് ജീവിതത്തിന് ആഴത്തിലുള്ള അർഥം തേടുന്നതിനിടെയാണ് ആദ്യം വിശ്വാസത്തിന്റെ ജീവിതം പരിശീലിക്കാം എന്ന ആശയത്തോടെ ഈ പരീക്ഷണം ആരംഭിച്ചത്.

ഈ 30 ദിവസത്തിനിടെ അദ്ദേഹം ദിവസേന ബൈബിൾ വായിക്കുകയും, ദേവാലയ ശുശ്രൂഷകളിൽ പങ്കെടുക്കുകയും, പ്രാർത്ഥിക്കുകയും, യേശുക്രിസ്തുവിന്റെ ജീവിതമാതൃക പിന്തുടരാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ അനുഭവങ്ങളെല്ലാം സമൂഹമാധ്യമങ്ങളിലൂടെ അദ്ദേഹം പങ്കുവെക്കുന്നതോടെ ലക്ഷക്കണക്കിന് ആളുകൾ ഈ പരീക്ഷണത്തെ പിന്തുടരുകയാണ്.

ദൈവമേ, അങ്ങ് യഥാർത്ഥത്തിൽ ഉണ്ടോ എന്ന് എനിക്ക് അറിയില്ല. എങ്കിലും... എന്ന വാക്കുകളോടെയാണ് ഓരോ ദിവസവും തന്റെ പ്രാർത്ഥന ആരംഭിക്കുന്നതെന്ന് ഗുവാൻ പറയുന്നു. ഈ യാത്രയിൽ ലഹരി, ക്ഷമ, ബന്ധങ്ങൾ, ജീവിതലക്ഷ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള തന്റെ ചിന്തകളും അദ്ദേഹം പങ്കുവെക്കുന്നു.

പരീക്ഷണം ആരംഭിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ജീവിതത്തിൽ ഒരു പുതിയ പ്രത്യാശയും സമാധാനവും അനുഭവപ്പെടുന്നതായി ഗുവാൻ പറയുന്നു. വിശ്വാസവുമായി ഞാൻ പൊതുവേദിയിൽ പോരാടുകയാണ്. എന്റെ ഈ യാത്രയിൽ മറ്റുള്ളവർക്കും കൂടെ നടക്കാം, എന്ന അദ്ദേഹത്തിന്റെ വാക്കുകൾ നിരവധി ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. വിശ്വാസികളെക്കുറിച്ച് അവിശ്വാസികൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകാമെന്നും, സ്നേഹവും സമാധാനവും നിറഞ്ഞ ജീവിതമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും നല്ല സാക്ഷ്യമെന്നും ഗുവാൻ അഭിപ്രായപ്പെട്ടു.

# ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ പ്രൊഫസർ; ഗിന്നസ് റെക്കോർഡിൽ നഥാൻ തോമസ്



**മിയാമി •** അമേരിക്കൻ യുവപ്രതിഭ നഥാൻ തോമസ് ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ പ്രൊഫസർ എന്ന ഗിന്നസ് ലോക റെക്കോർഡ് സ്വന്തമാക്കി.

18 വയസ്സും 346 ദിവസവും പ്രായമുള്ളപ്പോൾ അദ്ദേഹം മിയാമി-ഡേഡ് കോളേജിൽ എൻജിനീയറിങ് പ്രൊഫസറായി ചുമതലയേറ്റു.

ഇതോടെ 306 വർഷം പഴക്കമുള്ള കോളിൻ മക്ലോറിന്റെ റെക്കോർഡ് അദ്ദേഹം മറികടന്നു.

10-ാം വയസ്സിൽ കോളേജ് പഠനം ആരംഭിച്ച നഥാൻ അസാധാരണ അക്കാദമിക മികവ് തെളിയിച്ചു.

18-ാം വയസ്സിൽ തന്നെ ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി.

എൻജിനീയർമാരായ മാതാപിതാക്കളുടെ പ്രോത്സാഹനവും ഗണിതത്തോടുള്ള താൽപര്യവുമാണ് വിജയത്തിന് വഴിയൊരുക്കിയത്.

സങ്കീർണ വിഷയങ്ങൾ ലളിതമായി പഠിപ്പിക്കുന്ന അമ്മയുടെ ശൈലി തന്റെ അധ്യാപനത്തെ സ്വാധീനിച്ചതായി അദ്ദേഹം പറയുന്നു.

മിയാമി-ഡേഡ് കോളേജിൽ സി ഫോർ എൻജിനീയേഴ്സ് എന്ന പ്രോഗ്രാമിങ് വിഷയമാണ് അദ്ദേഹം പഠിപ്പിച്ചത്.

പ്രായമല്ല, പഠിക്കാനുള്ള ആഗ്രഹമാണ് ക്ലാസ് മുറിയിൽ പ്രധാനമെന്ന് നഥാൻ അഭിപ്രായപ്പെടുന്നു.

വിദ്യാർത്ഥികളുടെ സംശയങ്ങൾ മാറി വ്യക്തത ലഭിക്കുന്ന നിമിഷമാണ് അധ്യാപകനെന്ന നിലയിൽ ഏറ്റവും വലിയ സന്തോഷമെന്നും അദ്ദേഹം പറയുന്നു.

നിലവിൽ യൂണിവേഴ്സിറ്റി ഓഫ് മിയാമി സ്കൂൾ ഓഫ് ലോയിൽ നിയമപഠനം തുടരുകയാണ്.

2028-ൽ ബിരുദം പൂർത്തിയാക്കി ബൗദ്ധിക സ്വത്തവകാശ നിയമരംഗത്ത് പ്രവർത്തിക്കാനാണ് ലക്ഷ്യം.

ബാസ്കറ്റ്ബോൾ, ടെന്നീസ് എന്നിവയിലും അദ്ദേഹം സജീവമാണ്.

മറ്റുള്ളവരുമായി താരതമ്യം ചെയ്യാതെ സ്വന്തം ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് യുവതലമുറയ്ക്ക് നഥാൻ നൽകുന്ന സന്ദേശം.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 235676, +91 9981571723

THE SOUL WINNER

VOL 14 • ISSUE 12 AUG 2026

## സഭകൾ ആത്മീയ പക്വത കൈവരിക്കണം: AEL പ്രസിഡന്റ്



**സാൻ സാൽവദോർ •** ലാറ്റിൻ അമേരിക്കയിൽ ഇവാഞ്ചലിക്കൽ സഭകൾ ചരിത്രത്തിലെ ഏറ്റവും വലിയ വളർച്ച കൈവരിച്ചിരിക്കുന്ന സാഹചര്യത്തിൽ, സഭകൾ സംഖ്യാപരമായ വളർച്ചയിൽ മാത്രം ഒതുങ്ങാതെ ആത്മീയ പക്വതയും ശിഷ്യത്വവും ശക്തിപ്പെടുത്തണമെന്ന് ലാറ്റിൻ ഇവാഞ്ചലിക്കൽ അലയൻസ് (AEL) പ്രസിഡന്റ് പാസ്റ്റർ ജുവാൻ ക്രൂസ് സെല്ലമാരെ ആഹ്വാനം ചെയ്തു.

എൽ സാൽവദോറിൽ നടന്ന പാസ്റ്റർമാരുടെ സമ്മേളനത്തിൽ സംസാരിക്കവേ, കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾക്കിടെ ലാറ്റിൻ അമേരിക്കയിലെ ഇവാഞ്ചലിക്കൽ വിശ്വാസികളുടെ എണ്ണം ഒരു ശതമാനത്തിൽ നിന്ന് 20 ശതമാനത്തിലധികമായി ഉയർന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഗ്വാട്ടിമാല, ഹോണ്ടുറാസ്, എൽ സാൽവദോർ തുടങ്ങിയ രാജ്യങ്ങളിൽ സഭയുടെ വളർച്ച ശ്രദ്ധേയമാണെന്നും അദ്ദേഹം പറഞ്ഞു.

ലാറ്റിൻ അമേരിക്ക ഇന്ന് മിഷൻ സ്വീകരിക്കുന്ന പ്രദേശം മാത്രമല്ല, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് മിഷനറിമാരെ അയക്കുന്ന പ്രധാന കേന്ദ്രമായി മാറിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ 26,000-ത്തിലധികം ലാറ്റിൻ അമേരിക്കൻ മിഷനറിമാർ വിവിധ രാജ്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതായും അദ്ദേഹം അറിയിച്ചു.

അതേസമയം, സഭകൾ ബൈബിൾ അധിഷ്ഠിത ശിഷ്യത്വം ശക്തിപ്പെടുത്തുകയും സാമ്പത്തിക സുതാര്യത ഉറപ്പാക്കുകയും ക്രിസ്തുവിലുള്ള ഐക്യം കാത്തുസൂക്ഷിക്കുകയും വേണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. സംഖ്യാപരമായ വളർച്ചയെക്കാൾ ആത്മീയ പക്വതയ്ക്കാണ് സഭകൾ മുൻഗണന നൽകേണ്ടതെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

## ലോകത്തിലെ അതിവേഗം വളരുന്ന മിഷൻ മേഖല ഏത്?

**ലണ്ടൻ •** ഇന്ന് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന മിഷൻ മേഖലയായി ഡിജിറ്റൽ ലോകം മാറിക്കൊണ്ടിരിക്കുകയാണെന്ന് ക്രൈസ്തവ നേതാക്കളും മിഷൻ പ്രവർത്തകരും വിലയിരുത്തുന്നു. ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, മൊബൈൽ ആപ്പുകൾ, കൃത്രിമ ബുദ്ധി (AI) എന്നിവയിലൂടെ പ്രതിദിനം കോടിക്കണക്കിന് ആളുകളിലേക്ക് സുവിശേഷം എത്തിക്കാൻ കഴിയുന്ന സാഹചര്യം സഭയ്ക്ക് പുതിയ ദൗത്യ വാതിലുകൾ തുറന്നിട്ടുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

ക്രൈസ്തവ മാധ്യമ പ്രവർത്തകരുടെ അഭിപ്രായത്തിൽ, നിരവധി രാജ്യങ്ങളിൽ സഭകൾക്ക് നേരിട്ട് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യത്തിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ബൈബിൾ പഠനങ്ങൾ, ആരാധനകൾ, സുവിശേഷ സന്ദേശങ്ങൾ, ശിഷ്യത്വ പരിശീലനങ്ങൾ എന്നിവ ലക്ഷക്കണക്കിന് ആളുകളിലേക്ക് എത്തിച്ചേരുന്നു. പ്രത്യേകിച്ച് യുവജനങ്ങളിലേക്കും സുവിശേഷം കേൾക്കാൻ അവസരമില്ലാത്ത ജനവിഭാഗങ്ങളിലേക്കും ഡിജിറ്റൽ ശുശ്രൂഷ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

അതേസമയം, ഡിജിറ്റൽ മിഷൻ പരമ്പരാഗത സഭാ ശുശ്രൂഷയ്ക്ക് പകരമല്ലെന്നും, മറിച്ച് അതിനെ ശക്തിപ്പെടുത്തുന്ന പുതിയ ദൗത്യവേദിയാണെന്നും നേതാക്കൾ പറയുന്നു. സാങ്കേതികവിദ്യയെ വിവേകത്തോടെയും ബൈബിൾ അടിസ്ഥാനത്തോടെയും ഉപയോഗിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക് ക്രിസ്തുവിന്റെ സുവിശേഷം എത്തിക്കാനുള്ള ഉത്തരവാദിത്വം ഇന്നത്തെ സഭയ്ക്കുണ്ടെന്നും അവർ ഓർമ്മിപ്പിച്ചു.

ഡിജിറ്റൽ യുഗത്തിൽ മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ സഭകളും മിഷൻ സംഘടനകളും മാധ്യമ ശുശ്രൂഷകളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും അവർ ചൂണ്ടിക്കാട്ടി.

## അടിമയുടെ 1723-ലെ കത്ത് നാടകാവിഷ്കാരമായി സഭയിൽ

**ലണ്ടൻ •** 1723-ൽ അടിമത്തത്തിൽ കഴിയവെ എഴുതപ്പെട്ട ഒരു വ്യക്തിയുടെ ഹൃദയസ്പർശിയായ കത്ത് ഏകാഭിനയ നാടകമായി അവതരിപ്പിച്ച് ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭ ശ്രദ്ധേയമായി. അടിമത്തത്തിന്റെ ചരിത്രവും മനുഷ്യവേദനയും ക്രൈസ്തവ വിശ്വാസത്തിന്റെ പ്രത്യാശയും പുതിയ തലമുറയ്ക്ക് മുന്നിലെത്തിക്കുകയാണ് ഈ അവതരണത്തിന്റെ ലക്ഷ്യം.

ആംഗ്ലിക്കൻ ദേവാലയത്തിൽ അരങ്ങേറിയ ഈ ഏകാഭിനയത്തിൽ 1723-ൽ അടിമയായിരുന്ന ഒരാളുടെ കത്ത് ആസ്പദമാക്കി അദ്ദേഹത്തിന്റെ ജീവിതവേദനകളും സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹവും വിശ്വാസത്തിൽ കണ്ടെത്തിയ പ്രത്യാശയും അവതരിപ്പിച്ചു. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ രേഖ ചരിത്രപരമായ ഒരു രേഖ മാത്രമല്ല, നീതിയുടെയും മനുഷ്യാന്തസ്സിന്റെയും ശക്തമായ സാക്ഷ്യമാണെന്ന് സംഘാടകർ പറഞ്ഞു.

അടിമത്തത്തിന്റെ ചരിത്രം മറക്കാതെ ഓർക്കുകയും, ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന മനുഷ്യക്കടത്ത്, ചൂഷണം, നിർബന്ധിത തൊഴിൽ തുടങ്ങിയ ആധുനിക അടിമത്തത്തിനെതിരെ സഭകൾ കൂടുതൽ ശക്തമായി പ്രവർത്തിക്കണമെന്നും പരിപാടിയിൽ പങ്കെടുത്തവർ ആഹ്വാനം ചെയ്തു.

## 'ജീവനുള്ളിടത്തോളം നൽകാൻ നമുക്കേറെയുണ്ട്', മിഷനിൽ ഉറച്ചുനിൽക്കാൻ ആഹ്വാനം

**മനില •** നമ്മുടെ ശരീരത്തിൽ രക്തമുള്ളിടത്തോളം മറ്റുള്ളവർക്ക് നൽകാൻ നമുക്ക് എന്തെങ്കിലും ഉണ്ട് എന്ന സന്ദേശവുമായി ആഫ്രിക്കൻ മിഷൻ നേതാവ് ജോസഫ് വുസ Arise Asia 2026 സമ്മേളനത്തിൽ യുവജനങ്ങളോട് മിഷൻ സേവനത്തിൽ സ്ഥിരോത്സാഹത്തോടെ മുന്നേറാൻ ആഹ്വാനം ചെയ്തു.

ഫിലിപ്പീൻസിലെ മനിലയിൽ നടന്ന സമ്മേളനത്തിൽ സംസാരിക്കവേ, സുവിശേഷവേലയിൽ കഷ്ടതകളും വെല്ലുവിളികളും ഉണ്ടായാലും സന്തോഷത്തോടെയും പ്രത്യാശയോടെയും ദൈവവിളിയിൽ ഉറച്ചുനിൽക്കണമെന്ന് അദ്ദേഹം പറഞ്ഞു. ദൈവം നൽകിയ ജീവനും സമയവും കഴിവുകളും മറ്റുള്ളവർക്കായി സമർപ്പിക്കുന്നതാണ് യഥാർഥ ക്രിസ്തീയ ശുശ്രൂഷയെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള യുവനേതാക്കൾ പങ്കെടുത്ത സമ്മേളനം, സാംസ്കാരികാന്തര മിഷൻ പ്രവർത്തനത്തിനും ലോകസുവിശേഷീകരണത്തിനുമുള്ള പുതിയ സമർപ്പണത്തിന് വേദിയായി.

## നിഷി ബാപ്റ്റിസ്റ്റ് സഭയുടെ മുൻഗാമി റവ. ഖോഡ താന അന്തരിച്ചു



**ഇറ്റാനഗർ •** അരുണാചൽ പ്രദേശിലെ ഏറ്റവും വലിയ ആദിവാസി സമൂഹമായ നിഷി വിഭാഗത്തിൽ ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ പാകിയ പ്രമുഖ സഭാനേതാവും നിഷി ബാപ്റ്റിസ്റ്റ് ചർച്ച് കൗൺസിലിന്റെ (NBCC) മുൻ പ്രസിഡന്റും മുൻ എക്സിക്യൂട്ടീവ് സെക്രട്ടറിയുമായിരുന്ന റവ. ഖോഡ താന (82) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ജൂലൈ 11-നാണ് അദ്ദേഹം നിര്യാതനായത്. ജൂലൈ 13-ന് നിർജുലിയിലെ വസതിയിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സംസ്കാരം നടത്തി.

1944 ഡിസംബർ 1-ന് അരുണാചൽ പ്രദേശിലെ റേയി ഗ്രാമത്തിൽ ജനിച്ച ഖോഡ താന, നിഷി സമൂഹത്തിൽ ക്രിസ്തുവിശ്വാസം സ്വീകരിച്ച ആദ്യ തലമുറയിലെ പ്രമുഖരിലൊരാളായിരുന്നു. ബാല്യത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ട അദ്ദേഹം അസമിലെ ക്രിസ്ത്യൻ മിഷൻ സ്കൂളുകളിലാണ് വിദ്യാഭ്യാസം നേടിയത്. വിശ്വാസത്തിന്റെ പേരിൽ ബാല്യകാലം മുതൽ തന്നെ എതിർപ്പും പീഡനവും നേരിട്ടെങ്കിലും ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ ഉറച്ചുനിന്നു.

സർക്കാർ സേവനം ഉപേക്ഷിച്ച് സമ്പൂർണ സമയ ശുശ്രൂഷയിലേക്ക് പ്രവേശിച്ച അദ്ദേഹം NBCCയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചു. സഭയുടെ എക്സിക്യൂട്ടീവ് സെക്രട്ടറി, പ്രസിഡന്റ്, ട്രഷറർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം നിഷി ഭാഷയിലേക്ക് 248 സ്തുതിഗീതങ്ങൾ വിവർത്തനം ചെയ്യുകയും പുതിയ നിയമ വിവർത്തനത്തിലും ക്രൈസ്തവ സാഹിത്യ വികസനത്തിലും ശ്രദ്ധേയ സംഭാവന നൽകുകയും ചെയ്തു.

റവ. ഖോഡ താനയുടെ നിര്യാണത്തിൽ ഇന്ത്യയിലെ സഭാ-സാമൂഹിക രംഗത്തെ നിരവധി നേതാക്കൾ അനുശോചനം രേഖപ്പെടുത്തി. നിഷി സമൂഹത്തിൽ ക്രൈസ്തവ വിശ്വാസത്തിന്റെ ശക്തമായ അടിത്തറ പാകിയ ആത്മീയ പിതാവും മാതൃകാപരനായ നേതാവുമായാണ് അദ്ദേഹത്തെ അനുസ്മരിച്ചത്.

## ശിശുസംരക്ഷണം സഭയുടെ സുവിശേഷ ദൗത്യത്തിന്റെ ഭാഗമാക്കണം

**ലണ്ടൻ •** ശിശുസംരക്ഷണം സഭയുടെ നിയമപരമായ ഉത്തരവാദിത്വം മാത്രമല്ല, സുവിശേഷത്തിന്റെ കേന്ദ്രമൂല്യങ്ങളിലൊന്നാണെന്ന് ഓർമ്മിപ്പിക്കുന്ന പുതിയ ഗ്രന്ഥം ക്രൈസ്തവസഭകളെ കുട്ടികളുടെ സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകാൻ ആഹ്വാനം ചെയ്യുന്നു. God-'s Heart for Child Protection and Safeguarding: Practical Theology from Global Perspectives എന്ന പുസ്തകം ലാങ്ഹം ഗ്ലോബൽ ലൈബ്രറിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് വിവാ (Viva) എന്ന ആഗോള ക്രൈസ്തവ ശിശുക്ഷേമ ശൃംഖലയുമായി സഹകരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.

നറ്റിവിറ്റി എ. പെറ്റല്ലാർ, റോസ്ലിൻ ഒലുംബെ, മാർട്ടിൻ മുന്യാവോ എന്നിവർ എഡിറ്റ് ചെയ്തിരിക്കുന്ന ഗ്രന്ഥത്തിൽ വിവിധ രാജ്യങ്ങളിലെ ക്രൈസ്തവ നേതാക്കളും ശിശുക്ഷേമ വിദഗ്ധരും ലേഖനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, മനുഷ്യക്കടത്ത്, ഓൺലൈൻ ലൈംഗിക ചൂഷണം, ബാലവിവാഹം, കുടുംബാതിക്രമം, ദത്തെടുക്കൽ, കുട്ടികളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളെ ബൈബിൾ അടിസ്ഥാനത്തിലും പ്രായോഗിക സമീപനത്തിലുമാണ് പുസ്തകം അവതരിപ്പിക്കുന്നത്. പ്രായോഗിക മാർഗനിർദേശമായി ഉപകരിക്കുമെന്ന് പ്രസാധകർ അറിയിച്ചു.

## ഹോട്ടൽ മിഷൻവേദിയാക്കി ഓസ്ട്രിയൻ ദമ്പതികൾ

**വിയന്ന •** ഒരു ബിസിനസ് സംരംഭം ദൈവശുശ്രൂഷയ്ക്കുള്ള വേദിയാകാമെന്ന് തെളിയിച്ച് ഓസ്ട്രിയൻ ദമ്പതികൾ തങ്ങളുടെ ഹോട്ടലിനെ മിഷൻ പ്രവർത്തനത്തിന്റെ കേന്ദ്രമാക്കി മാറ്റിയ അനുഭവം പങ്കുവെച്ചു. ഫിലിപ്പീൻസിലെ മനിലയിൽ നടന്ന Arise Asia 2026 സമ്മേളനത്തിലാണ് അവർ തങ്ങളുടെ സാക്ഷ്യം അവതരിപ്പിച്ചത്.

ഹോട്ടൽ ഒരു വ്യാപാര സ്ഥാപനം മാത്രമല്ല, ദൈവസ്നേഹം പ്രവൃത്തിയിലൂടെ പ്രകടിപ്പിക്കാനുള്ള അവസരമാണെന്ന് ദമ്പതികൾ പറഞ്ഞു. ജീവനക്കാരോടും അതിഥികളോടും ആത്മാർത്ഥമായ കരുതലും പ്രാർത്ഥനയും സുവിശേഷസാക്ഷ്യവും പങ്കുവെച്ചുകൊണ്ട് ബിസിനസിനെയും ശുശ്രൂഷയെയും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞതായി അവർ പറഞ്ഞു.

ബിസിനസിന്റെ പ്രധാന ലക്ഷ്യം ലാഭമുണ്ടാക്കുക മാത്രമല്ല, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ സമൂഹത്തിൽ പ്രകടമാക്കുക കൂടിയാണെന്ന് അവർ ചൂണ്ടിക്കാട്ടി. സത്യസന്ധത, നീതി, സ്നേഹം, ആതിഥ്യമര്യാദ എന്നിവ പാലിക്കുന്നതിലൂടെ ജോലിസ്ഥലങ്ങൾ പോലും മിഷൻവേദികളായി മാറുമെന്ന് അവർ യുവജനങ്ങളെ ഓർമിപ്പിച്ചു.

ദൈവം ഏൽപ്പിച്ച തൊഴിൽ മേഖലകളെ ശുശ്രൂഷയ്ക്കുള്ള അവസരങ്ങളായി കാണണമെന്നും, ഓരോ ക്രൈസ്തവനും താൻ പ്രവർത്തിക്കുന്ന ഇടങ്ങളിൽ ക്രിസ്തുവിന്റെ സാക്ഷിയായി ജീവിക്കണമെന്നും സമ്മേളനത്തിൽ അവർ ആഹ്വാനം ചെയ്തു.

## അറൈസ് ഏഷ്യ 2026 സമാപിച്ചു; മിഷനിലേക്ക് യുവജനങ്ങളുടെ സമർപ്പണം




**മനില •** ഫിലിപ്പീൻസിലെ മനിലയിൽ ജൂലൈ 27 മുതൽ 31 വരെ നടന്ന Arise Asia 2026 കോൺഗ്രസ് സമാപിക്കുമ്പോൾ നൂറുകണക്കിന് യുവ ക്രൈസ്തവ നേതാക്കൾ ദീർഘകാല സാംസ്കാരികാന്തര (Cross-cultural) മിഷൻ ശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ചു. സംഘാടകരുടെ കണക്കുപ്രകാരം, 341 യുവ നേതാക്കൾ ഈ വിളിയോട് പ്രതിജ്ഞാബദ്ധരായി പ്രതികരിച്ചത് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സമർപ്പണ നിമിഷങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്നു.

ക്രൈസ്റ്റ്സ് കമ്മീഷൻ ഫെല്ലോഷിപ്പ് (CCF) സെൻട്രലിൽ നടന്ന അഞ്ചുദിവസത്തെ സമ്മേളനത്തിൽ 64 രാജ്യങ്ങളിൽ നിന്നായി രജിസ്റ്റർ ചെയ്ത 4,808 പേരിൽ 4,278 പേർ പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള യുവജനങ്ങളെ സുവിശേഷീകരണത്തിനും എത്തിപ്പെടാത്ത ജനവിഭാഗങ്ങളിലേക്കുള്ള ദൗത്യസേവനത്തിനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു സമ്മേളനം സംഘടിപ്പിച്ചത്.

സമാപന സമ്മേളനത്തിൽ നേതാക്കൾ, സമ്മേളനത്തിലെ ആത്മീയ ഉണർവ് ദീർഘകാല ശിഷ്യത്വത്തിലും ദൗത്യപ്രവർത്തനത്തിലും മാറ്റിമറിക്കണമെന്ന് ആഹ്വാനം ചെയ്തു. പ്രാർത്ഥന, പരിശീലനം, മെന്ററിംഗ്, വിവിധ രാജ്യങ്ങളിലെ മിഷൻ ശുശ്രൂഷകളുമായി യുവജനങ്ങളെ ബന്ധിപ്പിക്കുന്ന പദ്ധതികളും അവതരിപ്പിച്ചു.

## പക്ഷികളുടെ സുവിശേഷം

**നോർത്ത് കരോലിന •** ദൈവത്തിന്റെ സൃഷ്ടിയിലെ പക്ഷികൾ വിശ്വാസജീവിതത്തെക്കുറിച്ച് ആഴമേറിയ ആത്മീയ പാഠങ്ങൾ പഠിപ്പിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി, സ്റ്റോൺബ്രിഡ്ജ് ചർച്ച് കമ്മ്യൂണിറ്റിയുടെ സഹ-പാസ്റ്ററും എഴുത്തുകാരനുമായ കെവിൻ ബുറെൽ The Gospel Coalition ൽ പ്രസിദ്ധീകരിച്ച 'The Gospel According to Birds" എന്ന ലേഖനത്തിലൂടെ ശ്രദ്ധ നേടുന്നു.



ആകാശത്തിലെ പക്ഷികളെ നോക്കുവിൻ എന്ന് യേശുക്രിസ്തു പറഞ്ഞത് ഒരു പ്രകൃതി നിരീക്ഷണം മാത്രമല്ലെന്നും, ദൈവത്തിന്റെ കരുതലും വിശ്വസ്തതയും സൃഷ്ടിയുടെ സൗന്ദര്യവും തിരിച്ചറിയാനുള്ള ആത്മീയ ക്ഷണമാണെന്നും ബുറെൽ വിശദീകരിക്കുന്നു. ഓരോ പക്ഷിയും സ്രഷ്ടാവിന്റെ സ്വഭാവത്തെക്കുറിച്ച് എന്തെങ്കിലും വെളിപ്പെടുത്തുന്നുവെന്നും, സൃഷ്ടിയെ ശ്രദ്ധയോടെ നിരീക്ഷിക്കുമ്പോൾ മനുഷ്യൻ ദൈവത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കും എന്നും അദ്ദേഹം പറയുന്നു.

പക്ഷിനിരീക്ഷണം ഒരു ഹോബിയായി മാത്രമല്ല, സുവിശേഷത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ആത്മീയ അഭ്യാസമായും കാണണമെന്ന് ലേഖനം ആഹ്വാനം ചെയ്യുന്നു.